# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 ലക്കം ഒക്ടോബർ 2021 വാർഷിക വരിസംഖ്യ ₹100




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



ആത്മശരീരങ്ങളോടുകൂടെ സ്വർഗത്തിൽ
മഹത്ത്വമനുഭവിക്കുന്ന പരി. അമ്മേ,
സ്വർഗത്തിലേക്കു തീർത്ഥാടനം
ചെയ്യുന്ന ഞങ്ങൾക്ക് യഥാർത്ഥ
സ്നേഹത്തോടെ അങ്ങേ
തിരുക്കുമാരനെ അനുഗമിക്കാൻ
ആവശ്യമായ കൃപാവരങ്ങൾക്കായി
നീ മാദ്ധ്യസ്ഥ്യം വഹിക്കണമേ.



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 പള്ളിക്കൂദാശ ലക്കം ഒക്ടോബർ 2021

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാണ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം


- സ്വർഗീയ ജറുസലേമിലേക്കുള്ള യാത്ര 5
- സഭയും ശിഷ്യത്വത്തിലുള്ള നവീകരണവും 7
- വി. യൗസേപ്പ് അനുസരണത്തിന്റെ മാതൃക 10
- ഉണരുക, ഉയരുക 12
- ഏഹൂദ് 14
- വിശാലമായ മാനവികതയിലേക്കുള്ള ഒരു യാത്ര 16
- ഉണങ്ങിയ അത്തിമരം 18
- പറക്കും വിശുദ്ധൻ 22
- സെനക്കിൾ തരംഗം 24
- നേട്ടം 25
- വെള്ളയങ്കി അണിഞ്ഞവർ 28
- അമ്മയോടൊപ്പം 30

# സ്വർഗം സ്വന്തമാക്കേണ്ടതിന്

സമരഭൂമിയിലെ സകല വെല്ലുവിളികളെയും അതിജീവിച്ച തിരുസഭ മിശിഹായോടൊത്ത് സ്വർഗീയ മണവറയിൽ പ്രവേശിക്കുന്നതിനെ അനുസ്മരിപ്പിക്കുന്ന പള്ളിക്കൂദാശാക്കാലത്തിലേക്ക് ഒരിക്കൽക്കൂടി നാം പ്രവേശിച്ചിരിക്കുകയാണ്. മഹത്ത്വപൂർണ്ണമായ രണ്ടാം ആഗമനത്തിനും ഭീതിജനകമായ അന്ത്യവിധിക്കുംശേഷം ആഗതമാകുന്ന നിത്യാനന്ദത്തിന്റെ ശാന്തസുന്ദരമായ നിമിഷങ്ങളെയാണ് ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നത്. പിതാവിന്റെ ഭവനത്തിൽ നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന വാസസ്ഥലത്തേക്ക് നാം ആനയിക്കപ്പെടുന്ന ആ മനോഹരസമയത്തെ സ്വപ്നം കണ്ടുകൊണ്ടുവേണം ഈ ലോകയാത്രയിൽ നാം മുന്നേറുവാൻ.

സ്വർഗത്തിലെ നമ്മുടെ ഭവനം സ്വർണ്ണംകൊണ്ടോ തടികൊണ്ടോ വൈക്കോൽകൊണ്ടോ എന്നതു തീരുമാനിക്കുക ഈ ലോകത്തിൽ നാം സമ്പാദിച്ച നിക്ഷേപങ്ങളുടെ മൂല്യമാണ്. അനുദിനജീവിതം മോടിയാക്കുവാനുള്ള സമ്പാദ്യത്തോടൊപ്പം നിത്യഭവനം സ്വന്തമാക്കുവാനുള്ള സമ്പാദ്യവും നമുക്കു ശേഖരിക്കാം.

ഈ ലോകത്തിലെ തീർത്ഥാടകരായ നമ്മുടെ ലക്ഷ്യവും പ്രതീക്ഷയും നിത്യാനന്ദംതന്നെ. ലക്ഷ്യം എത്രമാത്രം ഉന്നതമാണോ അത്രമാത്രം കാഠിന്യമേറിയതായിരിക്കണം അതിനുവേണ്ട പരിശീലനവും. നശ്വരമായ സമ്മാനത്തിനുവേണ്ടിയുള്ള കായികതാരങ്ങളുടെ പരിശീലനം മാതൃകയാക്കുവാനുള്ള പൗലോസ്ശ്ലീഹായുടെ വാക്കുകൾ നമ്മെ ഉത്തേജിപ്പിക്കട്ടെ. "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" എന്നു ശ്ലീഹാ പറയുന്നു. അതെപ്പോഴാണു സാധ്യമാവുക? ലക്ഷ്യം ശുദ്ധവും പരിശ്രമം ആത്മാർത്ഥവുമാണെങ്കിൽ പ്രത്യാശിക്കുന്നവ ലഭിക്കാതിരിക്കുമോ? നശ്വരമായവയെക്കുറിച്ചുള്ള പ്രത്യാശയല്ല ശ്ലീഹാ ഇവിടെ വിവക്ഷിക്കുക എന്നതു സ്പഷ്ടമാണല്ലോ.

ഏകലക്ഷ്യം സ്വർഗമാണെന്ന സത്യം ഹൃദയത്തിൽ ഉറപ്പിക്കാം. അവിടെ പരിശുദ്ധനായവനോടുകൂടെ വസിക്കാനുള്ള യോഗ്യത വിശുദ്ധിയാണ്. ഇനിയുള്ള കാലത്തെ ഓട്ടം അതിനുവേണ്ടിയാകട്ടെ. പൂർവ്വികർ നിധിപോലെ കൈമാറിത്തന്ന വിശ്വാസം വെറും പുരാവസ്തുപോലെ സൂക്ഷിക്കാതെ ജീവിതത്തിൽ പ്രായോഗികമാക്കാം. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ജീവിതത്തിലൂടെ വിശ്വാസം പ്രാവർത്തികമാക്കാം. ദൈവസ്നേഹത്താൽ നിറഞ്ഞ്, ദൈവം തരുന്നവരെ ചേർത്തുപിടിച്ച് നമുക്കു മുന്നേറാം. പരസ്പരം തെറ്റുകൾ തിരുത്തി, സ്നേഹത്തോടെ കരുതി, ക്ഷമയോടെ സ്നേഹിച്ച്, നിത്യജീവന്റെ മാർഗ്ഗത്തിൽ ചരിക്കുവാൻ നമുക്കാവട്ടെ. വിശ്വാസയാത്രയിലെ സകലവെല്ലുവിളികളെയും അതിജീവിച്ച് നമുക്കായി ഒരുക്കിയിരിക്കുന്ന നിത്യജീവന്റെ കിരീടം സ്വന്തമാക്കുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ചീഫ് എഡിറ്റർ



# സ്വർഗീയജറുസലേമിലേക്കുള്ള യാത്ര

റവ. ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ VC

**ജീ**വിതം ഒരു യാത്രയാണ് എന്ന് പല ഗ്രന്ഥകാരന്മാരും വിശേഷിപ്പിക്കാറുണ്ട്. ഒരു പുറപ്പെടൽ യാത്ര ആകണമെങ്കിൽ അതിന് ഒരു ലക്ഷ്യം ഉണ്ടാകണം. ദീർഘയാത്രകൾ വിനോദയാത്രയോ തീർത്ഥയാത്രയോ ആകാം. വിനോദയാത്രയിൽ പാട്ട്, ഡാൻസ്, ഭക്ഷണം, ഉല്ലാസം, കാഴ്ചകൾ തുടങ്ങിയ വിനോദോപാധികൾ ഉൾക്കൊള്ളുന്നു. എന്നാൽ തീർത്ഥയാത്രയിൽ ഭക്തി, പ്രാർത്ഥന, ദൈവികചിന്ത, വിശുദ്ധസ്ഥലങ്ങളുടെ സന്ദർശനം, ഭക്താനുഷ്ഠാനങ്ങൾ തുടങ്ങിയവ അനിവാര്യമാണ്. ക്രൈസ്തവജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള ഒരു തീർത്ഥയാത്രയാണ്. സ്വർഗീയജറുസലേമിലേക്കുള്ള യാത്ര. ഈ യാത്രാസംഘത്തിന്റെ നേതാവ് മിശിഹായും, സഹയാത്രികർ വിശ്വാസസമൂഹവും, ലക്ഷ്യം സ്വർഗവുമാണ്.

ഒരു ധ്യാനഗുരു പറഞ്ഞ കഥ ഓർമ്മ വരുന്നു. ഒരമ്മയുടെ വയറ്റിൽ കിടക്കുന്ന ഇരട്ടക്കുട്ടികളുടെ സംസാരം ആണ് അവതരണം.

ഒന്നാമൻ: ഏതാനും നാളുകൾക്ക് ശേഷം നാം ഒരു പുതിയജീവിതത്തിലേക്ക് പ്രവേശിക്കും.

രണ്ടാമൻ: ഏയ്, അതൊരിക്കലും സാധ്യമല്ല.

ഒന്നാമൻ: അവിടെ നമുക്കു പുതിയ കാഴ്ചകൾ കാണുവാനും നല്ല ഭക്ഷണം കഴിക്കുവാനും ഒത്തിരി കൂട്ടുകാരുമായി കളിക്കുവാനും സാധിക്കും.

രണ്ടാമൻ: ഇതൊക്കെ നിന്റെ ഭാവനകൾ മാത്രം.

ഒന്നാമൻ: അവിടെ നമുക്കു നമ്മുടെ അമ്മയെ കാണുവാനും അമ്മയുടെ പരിചരണങ്ങൾ അനുഭവിക്കുവാനും സാധിക്കും.

രണ്ടാമൻ: അങ്ങനെയൊരമ്മ ഇല്ല. ഉണ്ടെങ്കിൽ ആ അമ്മയെ ഇപ്പോൾ എനിക്ക് കാണിച്ചുതാ.



അമ്മയുടെ ഉദരത്തിൽ കിടന്നു കൊണ്ട് അമ്മയെ നിഷേധിക്കുന്ന ശിശുവിനെപ്പോലെ ആണ് ആധുനിക ലോകത്തിലെ പല തത്ത്വചിന്തകളും. സ്വർഗവും ദൈവവും പിശാചും നരകവും ഒന്നുമില്ല എന്ന് പറയുന്നവരെ കണ്ടേക്കാം. സ്വർഗം ഇല്ലെങ്കിൽ പിന്നെ സ്വർഗീയജറുസലേമിനെ ലക്ഷ്യമാക്കി യാത്രചെയ്യുന്നത് എന്തിന്? "ആനന്ദിച്ച് ആഹ്ളാദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നു: "പിശാചിനെ ഒരു ഐതിഹ്യമോ ചിത്രീകരണമോ പ്രതീകമോ അലങ്കാരമോ ആശയമോ ആയി ചിന്തിക്കരുത്" (NO:161). കാരണം പിശാചും തിന്മയും ഈ ലോകത്തിൽ ഉണ്ട്. സ്നേഹംതന്നെയായ പിതാവിനെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും അന്ത്യവിധിയെക്കുറിച്ചും നിത്യജീവനെക്കുറിച്ചുമൊക്കെ ഈശോ പഠിപ്പിക്കുന്നുണ്ടല്ലോ. അതനുസരിച്ചു ജീവിച്ച് വിജയിക്കുന്നവരാണ് വിശുദ്ധർ. വിശുദ്ധ വിൻസെന്റ് ഡി പോൾ പഠിപ്പിക്കുന്നു: ''ജീവിതകാലത്ത് പാവങ്ങളെ സ്നേഹിക്കുന്നവർക്ക് മരണശേഷം ഒന്നും ഭയപ്പെടാനില്ല".

ആരാധനക്രമത്തിലെ പള്ളിക്കൂദാശാക്കാലത്ത് നിത്യസൗഭാഗ്യത്തിന് മുന്നാസ്വാദനം നൽകുന്ന മിശിഹായുടെ മനുഷ്യാവതാരരഹസ്യത്തിൽ പങ്കുചേർന്ന് വിശ്വാസതീർത്ഥാടനം നടത്തുവാൻ നമുക്ക് പരിശ്രമിക്കാം. കോവിഡ് 19 മഹാമാരിയും പേമാരിയുമുൾപ്പെടെ പല രോഗപീഡകളും കഷ്ടതകളും അസ്വസ്ഥതകളും അനുഭവിക്കുമ്പോഴും ദൈവത്തിൽ ആശ്രയിക്കുവാൻ നമുക്കു സാധിക്കട്ടെ. ലോകത്തിന്റെ വശ്യതയും ഭൗതികതയുടെ നശ്വരതയും സുഖലോലുപതയുടെ ക്ഷണികതയും മനസ്സിലാക്കുന്നതോടൊപ്പംതന്നെ വിശ്വാസജീവിതത്തിന്റെ പ്രസക്തിയും സാഹോദര്യത്തിന്റെ വ്യാപ്തിയും മനസ്സിലാക്കുവാൻ നമുക്കു കഴിയട്ടെ. സ്വർഗീയജറുസലേമിലേക്കുള്ള യാത്ര വിജയകരമായി പൂർത്തിയാക്കി, നിത്യസൗഭാഗ്യം അനുഭവിക്കുവാൻ തക്കവിധം നമ്മുടെ ചിന്തകളെയും വാക്കുകളെയും പ്രവൃത്തികളെയും ജീവിതത്തെയും ക്രമപ്പെടുത്തുവാൻ ഈ പള്ളിക്കൂദാശാക്കാലത്തിന്റെ ആത്മീയത നമ്മെ സഹായിക്കട്ടെ.





# സഭയും ശിഷ്യത്വത്തിലുള്ള നവീകരണവും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സഭ ശിഷ്യത്വത്തിലേക്കു പ്രവേശിപ്പിക്കപ്പെട്ടവരുടെ സമൂഹമാണ്. വി. മത്തായിയുടെ സുവിശേഷത്തിൽ ഈശോ തന്റെ ശിഷ്യന്മാരെ പറഞ്ഞുവിടുന്നത്, "നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28,19) എന്നുപറഞ്ഞുകൊണ്ടാണ്. മാമ്മോദീസായിലൂടെ ഈ മിശിഹാശിഷ്യത്വത്തിലേക്കാണ് ഓരോ ക്രൈസ്തവനും പിറന്നുവീഴുന്നത്. പക്ഷേ, ഈ ശിഷ്യത്വം ജീവിക്കുക അത്ര എളുപ്പമല്ല. വീഴ്ചകളുണ്ടാകും. എങ്കിലും ആ വീഴ്ചകളിൽനിന്നും എഴുന്നേറ്റ് ശിഷ്യത്വത്തിൽ ഈശോയെ അനുഗമിക്കുവാൻ ഓരോ ശിഷ്യനും ശിഷ്യയും നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കണം. ഈ സന്ദേശം നൽകുന്ന സുവിശേഷഭാഗമാണ് വിശുദ്ധ യോഹന്നാന്റെ 21-ാം അദ്ധ്യായത്തിൽ ഉത്ഥിതനായ ഈശോ ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്ന രംഗം (യോഹ 21,1-14).

## പ്രതിസന്ധിയിലായ ശിഷ്യത്വം

പത്രോസിന്റെ നേതൃത്വത്തിൽ ഏഴു ശിഷ്യന്മാരുടെ സമൂഹം മീൻപിടുത്തത്തിനായി പോകുന്നത്, അവരുടെ ശിഷ്യത്വം പ്രതിസന്ധിയിലായി എന്നു സൂചിപ്പിക്കുന്നതാണ്. മീൻപിടിക്കുന്നിടത്തു നിന്നുമാണല്ലോ ഈശോ അവരെ, തന്നെ അനുഗമിക്കുവാനായി ക്ഷണിച്ചത് (മർക്കോ 1,16-20). 'ഏഴ്' എന്ന സംഖ്യ പൂർണ്ണതയുടെ ഒരു പ്രതീകമാണ്. പത്രോസിന്റെ കൂട്ടായ്മയിലുള്ള ഏഴുശിഷ്യരുടെ സമൂഹം, ശ്ലൈഹിക കൂട്ടായ്മയിലുള്ളവരുടെ ശിഷ്യത്വത്തെ പ്രതിനിധീകരിക്കുന്നു. ഈശോയുടെ മരണം ശിഷ്യന്മാരെ പ്രതിസന്ധിയിലെത്തിച്ചു. തങ്ങളുടെ മാനുഷികമായ സ്വപ്നങ്ങൾ തകർന്ന പശ്ചാത്തലത്തിൽ ശിഷ്യത്വം ഉപേക്ഷിച്ചുപോകുവാൻ അവർ തീരുമാനിക്കുകയാണ്. മീൻപിടിക്കാൻ പോകുന്നത് ഈ യാഥാർത്ഥ്യത്തെയാണ് പ്രതിനിധീക

രിക്കുന്നത്. ഇപ്രകാരം വിശ്വാസത്തെയും ശിഷ്യത്വത്തെയും പ്രതിസന്ധിയിലാക്കുന്ന ജീവിതാനുഭവങ്ങൾ നമുക്കുമുണ്ടാകാം. അവയെ വിശ്വാസത്തിൽനിന്നും വ്യതിചലിക്കാൻ പ്രേരിപ്പിക്കുന്ന പ്രലോഭനങ്ങളായി കരുതി വിശ്വാസത്തിലുറച്ചുനില്ക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

## ഫലം പുറപ്പെടുവിക്കാത്ത അദ്ധ്വാനം

ശിഷ്യത്വത്തിൽനിന്നും മാറിപ്പോയി അവർ നടത്തുന്ന അദ്ധ്വാനം ഫലം പുറപ്പെടുവിക്കുന്നില്ല: "അവർ പോയി വള്ളത്തിൽ കയറി. എന്നാൽ ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല" (യോഹ 21,3). വിശുദ്ധ യോഹന്നാന്റെ കാഴ്ചപ്പാടിൽ ശിഷ്യത്വം ഈശോയോടുകൂടി ആയിരിക്കുവാനുള്ള വിളിയാണ് (യോഹ 1,35-39). താൻ മുന്തിരിച്ചെടിയാണെന്നും ശിഷ്യന്മാർ ശാഖകളാണെന്നും അവിടുന്നു പഠിപ്പിച്ചു (യോഹ 15,1-17). ശാഖകൾ മുന്തിരിച്ചെടിയിൽ നിലനിന്നില്ലെങ്കിൽ ഫലപ്രാപ്തിയുണ്ടാവുകയില്ല എന്നും അവിടുന്നു വ്യക്തമായി പഠിപ്പിച്ചു (യോഹ 15,4-5). ശിഷ്യത്വം ഉപേക്ഷിച്ച് തനിയെ നടത്തിയ അദ്ധ്വാനം തികച്ചും ഫലശൂന്യമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഉത്ഥിതനായ ഈശോ അവിടെ പ്രത്യക്ഷപ്പെടുന്നത്. ക്രിസ്തീയ ആദ്ധ്യാത്മികത ശിഷ്യത്വത്തിന്റെ ആദ്ധ്യാത്മികതയാണ്. മിശിഹായോടു ചേർന്നുള്ള നമ്മുടെ ജീവിതവും പ്രവർത്തനവുമാണ് നൂറുശതമാനം ഫലം പുറപ്പെടുവിക്കുന്നത്. ഈശോയുടെ നിർദ്ദേശപ്രകാരം വലയിറക്കിയപ്പോൾ, വല നിറയെ അവർക്കു മത്സ്യം ലഭിച്ചു.

## ശിഷ്യരെ തേടി വരുന്ന ഈശോ

ഉത്ഥിതനായ ഈശോ തന്നെ വിട്ടുപേക്ഷിച്ചുപോയ ശിഷ്യന്മാരെ തേടി വരുന്നു. അവർ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എന്നു മനസ്സിലാക്കിത്തന്നെയാണ് ഈശോ അവരുടെ പക്കലേക്കു വരുന്നത്. "നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?" എന്ന ചോദ്യം ഇതു സൂചിപ്പിക്കുന്നുണ്ട്. ഈശോയുടെ കരുതലുള്ള, കരുണാർദ്രമായ സ്നേഹമാണ് ഈ സംഭവം വെളിപ്പെടുത്തുന്നത്. "കുഞ്ഞുമക്കളേ" എന്ന സംബോധന ശിഷ്യരോടുള്ള കർത്താവിന്റെ വാത്സല്യവും ദ്യോതിപ്പിക്കുന്നതാണ്. ശിഷ്യർ മിശിഹായെ വിട്ടുപോയാലും അവിടുന്നു ശിഷ്യരെ ഉപേക്ഷിക്കുകയില്ല. ശിഷ്യർ മിശിഹായെ തള്ളിപ്പറഞ്ഞാലും അവിടുന്നു ശിഷ്യരെ തള്ളിപ്പറയുകയില്ല. നാം മിശിഹായോട് അവിശ്വസ്തത കാണിച്ചാലും, മിശിഹായുടെ ഭാഗത്തുനിന്ന് ഒരിക്കലും അവിശ്വസ്തത ഉണ്ടാവുകയില്ല. ഇപ്രകാരം വിശ്വസിച്ചുകൊണ്ടു ജീവിക്കുവാൻ ഓരോ ക്രൈസ്തവനും കഴിയണം.



## ശിഷ്യത്വവും സ്നേഹബന്ധവും

അത്ഭുതകരമായ മീൻപിടുത്തം കണ്ടമാത്രയിൽ 'ഈശോ സ്നേഹിച്ച ശിഷ്യൻ' പത്രോസിനോടു പറഞ്ഞു: "അതു കർത്താവാണ്" (യോഹ 21,7). അത്ഭുതം കണ്ട മറ്റു ശിഷ്യന്മാരും ഈ സംഭവത്തിൽ വിസ്മയിച്ചിട്ടുണ്ടാവണം. എന്നാൽ യോഹന്നാൻമാത്രമേ ഈശോയെ തിരിച്ചറിഞ്ഞുള്ളൂ. യോഹന്നാന് ഈശോയോടുണ്ടായിരുന്ന സ്നേഹബന്ധമാണ് ഈ തിരിച്ചറിവിനു കാരണമായിത്തീർന്നത്. സ്നേഹം വിശ്വാസത്തെ എളുപ്പമുള്ളതാക്കിത്തീർക്കുന്നു. ഈശോയിൽ ദൈവത്തിന്റെ സ്നേഹം തിരിച്ചറിഞ്ഞ് ആ സ്നേഹത്തിന് പ്രതിസ്നേഹം കൊടുത്തുകൊണ്ടു ജീവിച്ചതുകൊണ്ടാണ് യോഹന്നാന് ഈശോയെ തിരിച്ചറിയുവാൻ സാധിച്ചത്. 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്നു മാത്രം അറിയപ്പെടുന്ന യോഹന്നാൻ സുവിശേഷകൻ എല്ലാ ശിഷ്യരുടെയും, അതായത് എല്ലാ സഭാംഗങ്ങളുടെയും പ്രതീകമാണ്. എല്ലാവർക്കും മാതൃകയുമാണ്. സഭയുടെ അംഗങ്ങളെല്ലാം 'ഈശോ സ്നേഹിച്ച ശിഷ്യനും ശിഷ്യയും' ആകാൻ വിളിക്കപ്പെട്ടവരാണ്.

## ശിഷ്യത്വനവീകരണവും കുർബാനാനുഭവവും

ശിഷ്യത്വം ഉപേക്ഷിച്ചുപോയ ശിഷ്യരെ തന്റെ ശിഷ്യത്വത്തിൽ ഈശോ പുനരുദ്ധരിക്കുന്ന ഒരു സംഭവമായിട്ടാണ് ഈ വിവരണം യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നത്. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ മ്ലാനവദനരായി എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരെ ഉത്ഥിതനായ ഈശോ വചനശുശ്രൂഷയിലൂടെയും അപ്പംമുറിക്കൽശുശ്രൂഷയിലൂടെയും സന്തോഷപൂർവ്വം സഭാകൂട്ടായ്മയിലേക്കു തിരിച്ചുകൊണ്ടുവന്ന മാതൃകയിലാണ് (ലൂക്കാ 24,13-35) യോഹന്നാൻ സുവിശേഷകൻ ഈ സംഭവം അവതരിപ്പിക്കുന്നത്. തന്റെ അടുത്തുവന്ന ശിഷ്യന്മാർക്ക് പ്രാതൽ ഒരുക്കി അവരെ കാത്തിരിക്കുന്നവനായാണ് ഈശോയെ കാണാൻ സാധിച്ചത്. ഈശോയുടെ പ്രവൃത്തിയെ വിശദീകരിക്കുന്നത്, "അപ്പമെടുത്ത് അവർക്കു കൊടുത്തു. അതുപോലെതന്നെ മത്സ്യവും" എന്നാണ് (യോഹ 21,13). അതുകൊണ്ട് ഈ രംഗം ഒരു കുർബാനാനുഭവമായി കാണാവുന്നതാണ്. പരിശുദ്ധ കുർബാനാഘോഷത്തിനായി നാം പോകുന്ന ഓരോ അവസരവും ശിഷ്യത്വത്തിലുള്ള നവീകരണത്തിനുള്ള അവസരമായി കാണുകയും അപ്രകാരം പരിശുദ്ധ കുർബാനയിൽ (വചനശുശ്രൂഷയിലും കൂദാശാശുശ്രൂഷയിലും) സംബന്ധിക്കുവാനും നമുക്കു കഴിയണം. അപ്രകാരം കുർബാനാനുഭവത്തിലൂടെ ശിഷ്യത്വത്തിൽ നിരന്തരം നവീകരിക്കപ്പെട്ട് ക്രിസ്തീയജീവിതം നയിക്കുവാൻ നമുക്കു സാധിക്കട്ടെ!




**നിന്നെയും വിളിക്കുന്നു.....**

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

പിതൃഹൃദയത്തോടെ-5



# വിശുദ്ധ യൗസേപ്പ് അനുസരണത്തിന്റെ മാതൃക

**സുജ ചോതിരക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**"ജോസഫ്** നിദ്രയിൽനിന്നുണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു" (മത്താ 1,24)

സ്വന്തം ഇഷ്ടത്തെ മാറ്റിനിർത്തി മറ്റൊരാളുടെ ഇഷ്ടത്തിന് കീഴ്‌വഴങ്ങാൻ ദൈവ കൃപ കൂടിയേ തീരൂ. നാം വിശ്വാസമർപ്പിക്കുന്നവരെ നമുക്ക് അനുസരിക്കാനാകും. യൗസേപ്പ് ദൈവത്തിലർപ്പിച്ച വിശ്വാസം വളരെ ഉന്നതമായിരുന്നു. ചോദ്യം ചെയ്യാതെ ദൈവത്തിന്റെ വാക്കുകളെ അനുസരിക്കുവാൻ വിശുദ്ധ യൗസേപ്പിനു കഴിഞ്ഞു.

ദൈവകല്പനകൾ അനുസരിച്ചു ജീവിക്കുവാൻ പഠിച്ചതിനാൽ സ്വപ്നങ്ങളിൽ ദൈവം നൽകിയ നിർദ്ദേശങ്ങളെ ഗൗരവമായി എടുക്കുവാൻ യൗസേപ്പിനു കഴിഞ്ഞു. ആത്മീയജീവിതത്തിൽ വളരാൻ ആഗ്രഹിക്കുന്നവരെ ഈശോ ഭരമേൽപ്പിക്കുന്നത് ജോസഫിനെയാണ്. തന്നെ ജ്ഞാനത്തിലും പ്രായത്തിലും വളരാൻ സഹായിച്ച ആ കരങ്ങളോളം ശക്തവും മനോഹരവുമായ കരം മറ്റൊന്നില്ല എന്ന് ഈശോയ്ക്ക് അറിയാമല്ലോ. ജോസഫ് എന്ന വാക്കിന്റെ അർത്ഥംതന്നെ 'വളർത്തുന്നവൻ' എന്നാണ്. അവൻ നമ്മെ ആത്മീയയാത്രയിൽ സുരക്ഷിതമായി വളർത്തും.

ദൈവഹിതത്തിനു കീഴ്‌വഴങ്ങി ജീവിക്കുമ്പോഴാണ് നാം വിശുദ്ധിയിൽ ജീവിക്കുക. വിശുദ്ധ യൗസേപ്പിനെപ്പോലെ ദൈവേഷ്ടത്തെ കണ്ണും പൂട്ടി വിശ്വസിച്ചവർ ആരുണ്ട്? ഗർഭിണിയായ മറിയത്തെ സ്വീകരിക്കാൻ പറഞ്ഞപ്പോൾ സ്വീകരിച്ചു. ജനിച്ച ശിശുവുമായി ഈജിപ്തിലേക്കു പോകാൻ പറഞ്ഞപ്പോൾ പോയി. പിന്നീട് യൂദായിലേക്കു മടങ്ങാൻ കല്പിച്ചപ്പോൾ അനുസരിച്ചു. നമ്മെ അനുസരണയിലും എളിമയിലും വളർത്തുവാൻ യൗസേപ്പിനെപ്പോലൊരു അപ്പനെ തന്ന ദൈവത്തിനു നന്ദി പറയാം. ഇത്തരമൊരു അപ്പനിൽനിന്നേ വിശുദ്ധരായ മക്കൾ ജനിക്കൂ.

വിശുദ്ധ യൗസേപ്പിനെ കയ്യാളിക്കുന്ന ഒരാത്മാവിനെ ഈശോയിലേക്ക് വളർത്തുവാൻ അദ്ദേഹംതന്നെ മുൻകൈ എടുക്കും. ആരെയും യൗസേപ്പ് ആകർഷിക്കാറില്ല. മൗനമായി എല്ലാവരെയും തിരുക്കുമാരനിലേക്ക് നയിക്കും. ഒരാത്മാവ് വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറുന്നതു കണ്ട് മാറിനിന്ന് സന്തോഷിക്കും. ഒട്ടേറെ വിശുദ്ധർ അഭയം കണ്ടെത്തിയ ഈ പിതാവിന്റെ മാതൃകയനുസരിച്ച് നമുക്കും വിശുദ്ധരാകാൻ കഴിയും.

താൻ അനുസരിക്കാത്ത ദൈവികനിയമങ്ങൾ മക്കളെ പഠിപ്പിക്കാൻ ഒരപ്പന് കഴിയില്ലല്ലോ. അപ്പൻ വിശ്വാസമർപ്പിക്കാത്ത ദൈവത്തിൽ കുഞ്ഞുങ്ങൾക്ക് അഭയം തേടുവാൻ തോന്നില്ലല്ലോ. യൗസേപ്പിന്റെ വിശ്വാസവും അനുസരണവും നമുക്കും ലഭിക്കുവാൻ പ്രാർത്ഥിക്കാം. യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കണമെങ്കിൽ ദൈവത്തെയും തിരുസഭയെയും അനുസരിക്കണമെന്ന സത്യം വളർത്തിയെടുക്കുവാൻ വിശുദ്ധ യൗസേപ്പിന്റെ മാദ്ധ്യസ്ഥ്യം നമുക്കു തീക്ഷ്ണമായി യാചിക്കാം.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# ഉണരുക, ഉയരുക

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഈ**ശോമിശിഹായുടെ സന്ദേശങ്ങൾ ലോകത്തെ മാറ്റിമറിക്കാൻമാത്രം ശക്തമാണ്; ലോകമുള്ളിടത്തോളം അതിനു പ്രസക്തിയുണ്ട്. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല" (യോഹ 8,12) എന്ന് ഈശോ പറയുന്നു. കാരണം അവിടുന്നു സത്യത്തിന്റെ, സമാധാനത്തിന്റെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെയെല്ലാം വെളിച്ചമാണ്. ഇന്ന് ഈ വെളിച്ചം ലോകം കാണേണ്ടത് സഭാമക്കളായ നമ്മി

> *“സഭയിൽ അല്മായർക്ക് ക്രിയാത്മകമായ പങ്കുവഹിക്കാനുള്ളതുകൊണ്ടു തന്നെ ക്രൈസ്തവചൈതന്യം ലോകത്തിനു പകർന്നുകൊടുക്കുവാൻ അവർക്കു കടമയുണ്ട്” (ദൈവദാസൻ വില്യം ജക്വീന്താ).*


ലോരോരുത്തരിലൂടെയുമാണ്. സത്യവെളിച്ചമായ മിശിഹായെ ലോകത്തിന്റെ ഹൃദയത്തിൽ നിക്ഷേപിക്കുവാനും അതുവഴി ലോകം സ്നേഹത്തിൽ വസിക്കുകയും നിലനിൽക്കുകയും ചെയ്യുന്നവരുടെ ഒരു സമൂഹമായിത്തീരുവാനും സാധിക്കേണ്ടതുണ്ട്.

ഉപ്പുകൊണ്ടെന്നപോലെ ലോകത്തിന് നന്മയുടെയും സ്നേഹത്തിന്റെയും രുചിപകരുന്ന വരാകുവാൻ, പുളിമാവുപോലെ സമൂഹത്തിൽ വിശുദ്ധിയുടെ നിറവു പകരുന്നവരാകുവാൻ വിളിക്കപ്പെട്ടവനാണ് സഭയിൽ ഓരോ അല്മായനും. തിന്മയുടെ അതിപ്രസരണമാണ് ഇന്ന് എവിടെയും. അപരനെ ദ്വേഷിക്കുന്ന സ്നേഹരഹിതമായ നിലപാടുകളും തെറ്റിനെ ന്യായീകരിച്ച് അതിനെ ശരിയാക്കി മാറ്റുന്ന മനോഭാവങ്ങളും ഇന്നത്തെ സമൂഹത്തെ കുറച്ചൊന്നുമല്ല സ്വാധീനിച്ചിരിക്കുന്നത്. സ്വാർത്ഥചിന്തകളെ പരിപോഷിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളും സമൂഹനന്മയെ തച്ചുടയ്ക്കുന്ന വിധ്വംസകശക്തികളും മുമ്പെന്നതിനേക്കാൾ തഴച്ചുവളരുന്ന പ്രവണത ഏറിവരികയാണ്. തങ്ങളുടെ വിശ്വാസസംഹിതമാത്രം ശരി എന്നു ശഠിക്കുകയും മാനുഷികപരിഗണനകളെപ്പോലും കാറ്റിൽ പറത്തി ഹിംസയുടെ മാർഗം തെരഞ്ഞെടുക്കുകയും ചെയ്യുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുക. ലഹരി, ആസൂത്രിതപ്രണയക്കെണി തുടങ്ങി ഏതു കുത്സിത മാർഗമുപയോഗിച്ചും ആളുകളെ തങ്ങളുടെ വരുതിയിലാക്കാൻ ശ്രമിക്കുന്ന തിന്മയുടെ ഈ അധീശശക്തികളെ തിരിച്ചറിഞ്ഞ് അതിനെ തടയാൻ, പ്രതികരിക്കാൻ, ശബ്ദമുയർത്താൻ ഓരോ അല്മായവിശ്വാസിക്കും ഉത്തരവാദിത്വമുണ്ട്.

സഭയുടെ സന്താനങ്ങളായ വിശ്വാസിസമൂഹം തങ്ങളെ കുടുക്കുന്ന വലക്കെണികൾ തിരിച്ചറിയുന്ന കാര്യത്തിൽ ജാഗ്രതയുള്ളവരായിരിക്കണം. സഭയുടെ പഠനങ്ങളെയും തിന്മയ്ക്കെതിരെയുള്ള അവളുടെ കാഴ്ചപ്പാടുകളെയും നിലപാടുകളെയും അർഹിക്കുന്ന ഗൗരവത്തോടെ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ സൂക്ഷത്തിനായി ഏല്പിക്കപ്പെട്ടിരിക്കുന്നവരെ ഈശോയാകുന്ന വെളിച്ചത്തിലൂടെ വീഴാതെ നടത്തുവാൻ ശ്രദ്ധയുള്ളവരായിരിക്കണം നാം. സഭയെയും സഭാധികാരികളെയും വിമർശനബുദ്ധിയോടെമാത്രം നോക്കിക്കാണുകയും ആ രീതിയിൽ കുടുംബത്തിലും സമൂഹത്തിലും ആശയക്കുഴപ്പങ്ങൾക്കു വഴിതെളിക്കുകയും ചെയ്യുന്നത് ശരിയായ പ്രവണതയല്ല എന്നത് നാമോർക്കണം. തെറ്റുകളും പോരായ്മകളും ഉണ്ട് എന്നതു ശരിതന്നെ. എന്നാൽ “ബലഹീനതയിലാണ് എന്റെ ശക്തി പ്രകടമാകുന്നത്” എന്നു പറഞ്ഞ് പൗലോസിനെ ശക്തിപ്പെടുത്തിയ കർത്താവ് സഭാശരീരത്തിന്റെ ശിരസ്സായി നിന്നുകൊണ്ട് ലോകാന്ത്യത്തോളം നമ്മെ നയിക്കും എന്ന ഉറപ്പാണ് നമുക്കുണ്ടാവേണ്ടത്.

കുഴപ്പങ്ങളുടെയും കൂസലില്ലായ്മകളുടെയും കൂത്തരങ്ങായി മാറുന്ന സാമൂഹ്യമേഖലകളെ കൂട്ടായ്മയുടെയും പ്രതിബദ്ധതയുടെയും കളരിയാക്കിക്കൊണ്ട് ‘ഞാൻ’, ‘ഞങ്ങൾ’ എന്ന ലേബലിൽനിന്നും ‘നാം’, ‘നമ്മൾ’ എന്ന ആദർശലോകത്തിലേക്കുയർത്താൻ നമുക്കു കഴിയേണ്ടതുണ്ട്. അസത്യത്തിനും അസമത്വങ്ങൾക്കും അസഹിഷ്ണുതയ്ക്കുമെതിരെ സത്യത്തിന്റെയും സ്നേഹത്തിന്റെയും നിർവ്യാജമായ സാഹോദര്യത്തിന്റെയും അന്തരീക്ഷം സംജാതമാകുവാൻവേണ്ടി നന്മയുടെ പടവാളുയർത്താൻ നമുക്കു സാധിക്കട്ടെ. അങ്ങനെ എല്ലാവരും ദൈവത്തിന്റെ മക്കളായി ജീവിക്കുന്ന ഒരു നവലോകത്തിന്റെ നിർമ്മാതാക്കളാകുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

# ഏഹൂദ്




**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**കാ**നാൻദേശത്ത് വാസമുറപ്പിച്ച ഇസ്രായേൽക്കാർ ദൈവത്തോട് അവിശ്വസ്തരായി പ്രവർത്തിച്ചപ്പോഴെല്ലാം അവരുടെമേൽ ശത്രുക്കൾ പ്രബലപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ അവർ ദൈവത്തെ വിളിച്ചപേക്ഷിച്ചപ്പോഴെല്ലാം അവർക്കായി യുദ്ധവീരന്മാരെ അവിടുന്ന് ഒരുക്കി. അങ്ങനെ ഇസ്രായേലിനെ വിമോചിപ്പിച്ച പന്ത്രണ്ടു ന്യായാധിപന്മാരെ വിശുദ്ധഗ്രന്ഥത്തിൽ കണ്ടെത്താനാവും. അവരിൽ ഒരുവനാണ് ഏഹൂദ് (ന്യായാ 3,15).

തിന്മ ചെയ്ത ഇസ്രായേൽജനത്തെ അമ്മോന്യരെയും അമലേക്യരേയുംകൂട്ടി പരാജയപ്പെടുത്തിയ മൊവാബുരാജാവായ എഗ്ലോനെ കീഴ്പെടുത്തുവാനാണ് ദൈവം ഏഹൂദിനെ ഇസ്രായേൽജനത്തിൽനിന്ന് തിരഞ്ഞെടുത്തത്. തങ്ങളുടെ ഈന്തപ്പനകളുടെ നഗരം (ജറീക്കോ) കീഴടക്കിയ മൊവാബുരാജാവിനെ പതിനെട്ടുവർഷം ഇസ്രായേൽജനം സേവിച്ചു. ആ പരാജയത്തിന്റെ നാട്ടിൽ കർത്താവിനെ വിളിച്ചപേക്ഷിച്ച ജനത്തിന് ഏഹൂദ് വിമോചകനാകുന്നു. പരാജിതന്റെ നിലവിളിശബ്ദം അവഗണിക്കാത്ത ദൈവം ഇന്നും നമ്മോടൊപ്പമുണ്ട്. വിമോചിപ്പിക്കാൻ ശക്തരായ വ്യക്തികളെ കുറവില്ലാതെ അവിടുന്നു കാലാകാലങ്ങളിൽ രൂപപ്പെടുത്തിയെടുക്കും.

മൊവാബുരാജാവായ എഗ്ലോന് കാഴ്ചകൾ സമർപ്പിക്കാൻ ഏഹൂദ് പുറപ്പെടുന്നു. കൂടാതെ ഒരു മുഴം നീളമുള്ള ഇരുവായ്ത്തലവാൾ ഉണ്ടാക്കി തന്റെ വസ്ത്രത്തിനടിയിൽ വലത്തെത്തുടയിൽ അവൻ കെട്ടിവച്ചു. രാജസന്നിധിയിലെത്തിയ ഏഹൂദ് കാഴ്ചകൾ സമർപ്പിച്ചശേഷം ചുമ

ട്ടുകാരെ തിരികെ പറഞ്ഞയച്ചു. ശിലാവിഗ്രഹങ്ങളുടെ അടുത്തു ചെന്നപ്പോൾ തനിക്ക് ഒരു രഹസ്യസന്ദേശം അറിയിക്കാനുണ്ടെന്ന് എഗ്ലോനെ അവൻ അറിയിച്ചു. രാജാവാകട്ടെ തന്റെ പരിചാരകരോട് പുറത്തുപോകുവാൻ നിർദ്ദേശിച്ചു. അവർ പുറത്തുപോയപ്പോൾ ഏഹൂദ് രാജാവിന്റെ അടുത്തെത്തി. "ദൈവത്തിൽനിന്ന് നിനക്കായി ഒരു സന്ദേശം എന്റെ പക്കലുണ്ട്" എന്നു പറഞ്ഞുകൊണ്ട് തന്റെ വലതുതുടയിൽ വസ്ത്രത്തിനടിയിൽ ഒളിപ്പിച്ചുവച്ച വാൾ ഇടത്തുകൈകൊണ്ടെടുത്ത് എഗ്ലോന്റെ വയറ്റിൽ ശക്തിയായി കുത്തിയിറക്കി. എഗ്ലോൻ തടിച്ച മനുഷ്യ



നായിരുന്നതിനാൽ വാളോടൊപ്പം പിടിയും വയറിനുള്ളിൽ കടന്നു. കൊഴുപ്പുവന്ന് അതിനെ മൂടുകയും ചെയ്തു. പിന്നീട് ഏഹൂദ് അവനെ മുറിയിലിട്ട് വാതിലടച്ച് പൂട്ടിയശേഷം സെയിറായിലേക്ക് പോയി രക്ഷപ്പെട്ടു. അവിടെനിന്ന് എഫ്രായിം മലമ്പ്രദേശത്തെത്തിയപ്പോൾ അവൻ കാഹളം മുഴക്കി. ഇസ്രായേൽ നേതാക്കന്മാരെ വിളിച്ചുകൂട്ടി മൊവാബിലെ ധീരന്മാരെയും കരുത്തുറ്റവരെയും കൊന്നൊടുക്കി. അങ്ങനെ മൊവാബ് ഇസ്രായേലിന്റെ അധീനതയിൽ എൺപതു വർഷക്കാലം ശാന്തമായി നിലനിന്നു.

## ഏഹൂദിന്റെ ജീവിതപാഠം

* ദൈവാശ്രയത്തിന്റെ കരുത്ത് വലുതാണ്.
* നന്മയ്ക്കുവേണ്ടി ധീരത കാട്ടുക.
* ദൈവത്തോട് ചേർന്നുനിന്നാൽ ദൈവവും നമ്മെ തന്നോടു ചേർത്തുനിർത്തും.
* പരാജിതകാലങ്ങളിൽ ദൈവത്തോട് നിലവിളിക്കാൻ മടിക്കരുത്.

ഫ്രത്തേല്ലി തൂത്തി-6

# വിശാലമായ മാനവികതയിലേക്കുള്ള ഒരു യാത്ര

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

**ഒ**രു വ്യക്തി തന്നെത്തന്നെ മനസ്സിലാക്കുന്നത് മറ്റുള്ളവരുമായുള്ള ഇടപെടലുകളിലൂടെയാണ്. എല്ലാ മനുഷ്യരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുതന്നെ മറ്റുള്ളവരോട് ചേർന്നു ജീവിക്കത്തക്കവിധമാണ്. മറ്റുള്ളവരോട് ബന്ധപ്പെട്ടു ജീവിക്കാതെ ആർക്കും ജീവിതത്തിന്റെ യഥാർത്ഥ സൗന്ദര്യം ആസ്വദിക്കുവാൻ സാധിക്കുകയില്ല. ജീവൻ നിലനിൽക്കണമെങ്കിൽത്തന്നെ പരസ്പരസമ്പർക്കവും ഹൃദയൈക്യവും ഉണ്ടാകേണ്ടതുണ്ട്. സഹജീവികളോടൊത്ത് പരസ്പരബന്ധത്തിൽ ജീവിക്കുമ്പോഴാണ് ജീവിതം മരണത്തെക്കാൾ സുശക്തമാകുന്നത്. 'ഫ്രത്തേല്ലി തൂത്തി' യുടെ മൂന്നാമത്തെ അദ്ധ്യായത്തിലെ ഈ ആമുഖവാക്കുകളിലൂടെ പ്രായോഗികജീവിതശാസ്ത്രം ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുകയാണ്.

മനുഷ്യൻ തന്നിൽനിന്നുതന്നെ പുറത്തേക്കു പോകേണ്ടതുണ്ട്. തന്നിലേക്കുമാത്രം ഒതുങ്ങുന്ന രീതിയിൽനിന്നും അപരനിലേക്ക് യാത്ര ചെയ്യുന്ന ഒരു ശൈലിയിലേക്ക് ഇന്ന് മനുഷ്യജീവിതങ്ങൾ മാറണം. കാരണം ബന്ധങ്ങൾ സൃഷ്ടിക്കപ്പെടുന്നത്, അസ്തിത്വ അവബോധം വളരുന്നത്, ഇത്തരത്തിൽ ഒരു വ്യക്തി തന്റെ 'അഹത്തിൽ' നിന്നും പുറത്തേക്ക് പോവുകയും അപരനെ സ്നേഹിക്കുകയും ചെയ്യുമ്പോഴാണ്. ഓരോരുത്തരിലും ഒരു 'ബഹിർഗമന'ത്തിന്റെ (ekstasis) നിയമം പ്രവർത്തിക്കുന്നുണ്ട്.

വിശാലമായ ബന്ധങ്ങളിലാണ് നാം നമ്മെത്തന്നെ കൂടുതൽ അറിയുന്നത്. ബന്ധങ്ങളെ പരിമിതപ്പെടുത്തുമ്പോൾ നാം നമ്മെത്തന്നെ ചുരുക്കുകയാണ്. ബന്ധങ്ങൾ ആരോഗ്യകരവും ആധികാരികവുമാണെങ്കിൽ അവ നമ്മെ വളർത്തുകയും അപരനിലേക്ക് തുറവുള്ളവരാക്കുകയും ചെയ്യും .

നമ്മുടെ ഹൃദയം വികസിക്കുന്നത് നാം നമ്മിൽനിന്നും പുറത്തേക്കിറങ്ങി മറ്റുള്ളവരെ ആശ്ലേഷിക്കുമ്പോഴാണ്. സങ്കുചിതചിന്തകളും സ്വാർത്ഥഭാവങ്ങളും നമ്മെ മുരടിപ്പിച്ചുകളയും. തങ്ങളുടെ കൊച്ചു സ്നേഹവലയങ്ങൾക്കപ്പുറം എല്ലാവരോടുമുള്ള ബന്ധത്തിൽ വളർന്ന് തങ്ങൾക്കതീതമായി മറ്റുള്ളവരിലേക്ക് എത്തിച്ചേരേണ്ടതാണ് യഥാർത്ഥജീവിതം.

സ്നേഹത്തിന്റെ ശൈലിയാണ് ജീവിതത്തിൽ എപ്പോഴും നാം കാത്തുസൂക്ഷിക്കേണ്ടത്. ഒരു വ്യക്തി ധൈര്യം, സമചിത്തത, കഠിനാധ്വാനം തുടങ്ങിയ ധാർമ്മികമൂല്യങ്ങളിൽ ജീവിച്ചാലും ദൈവം അവനിൽ നിവേശിപ്പിച്ചിരിക്കുന്ന സ്നേഹത്തിന്റെ ഭാവം ജീവിക്കുന്നില്ലെങ്കിൽ അവന്റെ ജീവിതം പൂർണ്ണമാകുന്നില്ല. സ്നേഹമില്ലെങ്കിൽ, ദൈവം അനുഗ്രഹിക്കുന്ന രീതിയിൽ മറ്റു പുണ്യങ്ങൾ ഒരാൾക്ക് അഭ്യസിക്കാനാകില്ല എന്ന് വിശുദ്ധ ബൊനവെഞ്ചൂർ പറഞ്ഞത് ഇവിടെ ശ്രദ്ധേയമാണ്.


ഒരാളുടെ ജീവിതത്തിന്റെ മഹനീയത വിലയിരുത്തുന്നത് സ്നേഹത്താലാണ്. സ്നേഹത്തിനാണ് ജീവിതത്തിൽ പ്രഥമസ്ഥാനം. സ്നേഹത്തെ അവഗണിക്കരുത്; സ്നേഹത്തിൽ വീഴ്ച വരുത്തുന്നതാണ് ഏറ്റവും വലിയ അപകടം. മറ്റുള്ളവരെക്കുറിച്ചുള്ള മതിപ്പിലും, അവരെ വില മതിക്കുന്നതിലുമാണ് ഈ സ്നേഹം ആരംഭിക്കുന്നത്. ഔദാര്യപൂർണ്ണമായ ചില പ്രവൃത്തികളെക്കാൾ മഹത്താണ് സ്നേഹം. ഒരാളുടെ ശാരീരികപരമായ ബാഹ്യരൂപത്തിനപ്പുറം അയാളെ വിലയുള്ളവനായി കരുതുമ്പോഴാണ് യഥാർത്ഥ സ്നേഹം പ്രകടിപ്പിക്കപ്പെടുന്നത്.

മറ്റുള്ളവരിൽനിന്നും പിൻവലിഞ്ഞുകൊണ്ട് ഒരാൾക്കും പക്വതപ്രാപിക്കാനോ സാഫല്യമടയാനോ സാധ്യമല്ല. നമ്മുടെ തന്നെ പരിമിതികളെ അതിജീവിച്ചുകൊണ്ട് വിശാലമായ അർത്ഥത്തിലുള്ള ഒരു സ്നേഹക്കൂട്ടായ്മ രൂപപ്പെടുത്തേണ്ടതുണ്ട്.

സ്നേഹബന്ധങ്ങൾ എന്റെ കുടുംബത്തിലും, സ്വദേശത്തും മാത്രം ഒതുക്കാതെ സകലരിലേക്കും വ്യാപിപ്പിക്കണം. നമ്മുടെ സുഹൃദ്‌വലയങ്ങൾ വിപുലീകരിക്കപ്പെടണം. എന്റെ സ്നേഹവലയത്തിൽ ഞാൻ ഇതുവരെ ഉൾക്കൊള്ളിച്ചിട്ടില്ലാത്തവരെ സമീപിക്കുകയും അവരെ അസ്തിത്വപരമായ ഒരു സ്നേഹബന്ധത്തിലേക്ക് കൂട്ടിക്കൊണ്ടുവരുകയും വേണം. നാം ജീവിക്കുന്ന സമൂഹത്തിൽ 'വിദേശികളായി' കഴിയുന്നവരും 'അവഗണിക്കപ്പെട്ടവരും' ഉണ്ടാവാൻ പാടില്ല. മനുഷ്യനെ മനുഷ്യനായിക്കണ്ട് അവന്റെ മനുഷ്യത്വത്തെ മനസ്സിലാക്കി നമ്മുടെ സ്നേഹക്കൂട്ടായ്മയിൽ ഉൾച്ചേർക്കണം. പാർശ്വവത്ക്കരിക്കപ്പെട്ടവർ നമുക്കു ചുറ്റും ഉണ്ടാകാൻ പാടില്ല. തുല്യവ്യക്തിമാഹാത്മ്യമുള്ളവരാണ് അവർ. അവരും സ്നേഹിക്കപ്പെടേണ്ടതുണ്ട്.

അതിർത്തികളെ മറികടക്കാൻ പര്യാപ്തമായ ഒരു 'സാമൂഹിക മൈത്രി' ഉണ്ടാകണം. ഒരു സാർവ്വത്രിക തുറവിന് ഈ 'സാമൂഹിക മൈത്രി' പ്രയോജനകരമാണ്. സ്വന്തം ജനങ്ങളെ പുച്ഛത്തോടുകൂടെ കാണാതെ, ഒന്നാം തരമെന്നും രണ്ടാം തരമെന്നും തിരിക്കാതെ, പ്രാമുഖ്യമുള്ളവരെന്നും പ്രാമുഖ്യമില്ലാത്തവരെന്നും ഗണിക്കാതെ, ആനുകൂല്യമുള്ളവർ ആനുകൂല്യമില്ലാത്തവർ എന്ന തരംതിരിവുകൾ സൃഷ്ടിക്കാതെ എല്ലാവർക്കും ഇടം കൊടുക്കുന്ന ഒരു സ്നേഹകൂട്ടായ്മ എല്ലായിടത്തും സൃഷ്ടിക്കപ്പെടണം.





# ഉണങ്ങിയ അത്തിമരം

സോജി ഷിജു
നെരൂൾ

**ആ**ളുകളുടെ കല്ലേറിനാൽ മുറിഞ്ഞു ചോരയൊലിക്കുന്ന ശരീരത്തോടെ ഗിദയോൻ ആ ഉണങ്ങിയ അത്തിമരത്തിന്റെ മറവിൽ തളർന്നു കിടന്നു. തനിക്ക് ഒരിക്കൽ ലഭിച്ച സൗഭാഗ്യം- കുഷ്ഠരോഗത്തിൽ നിന്നുള്ള മോചനം വീണ്ടും ഒരിക്കൽക്കൂടി ലഭിക്കാൻ പശ്ചാത്താപവിവശ നായ അവന്റെ മനസ്സ് അതിയായി ആഗ്രഹിച്ചു. കഴിഞ്ഞ കുറെ ദിവസങ്ങളായി അവൻ അതിനു വേണ്ടി ശ്രമിക്കുകയായിരുന്നു.

സമറിയായ്ക്കും ഗലീലിയായ്ക്കും ഇടയ്ക്കുള്ള വഴിയിൽ ആളുകളുടെ അവഹേളനങ്ങളും അതിക്രൂരമായ ഉപദ്രവങ്ങളും സഹിച്ചു മറ്റ് ഒൻപതു പേരോടൊപ്പം കഴിഞ്ഞിരുന്ന ആ നാളു കൾ.... അപ്പോഴാണ് പ്രഭാമയനായ ഗുരു ആ വഴി കടന്നുവന്നത്. അവനെക്കുറിച്ച് ആളുകൾ പറഞ്ഞു പലതും കേട്ടിരുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവൻ, അന്ധനെയും ബധിരനെയും സുഖപ്പെടുത്തുന്നവൻ, പിശാചുക്കളെ ഒഴിപ്പിക്കുന്നവൻ അങ്ങനെ എന്തെല്ലാം.... അവൻ കടന്നു വരുന്നത് ദൂരെനിന്നേ കാണാം. ഒരു പുരുഷാരവും ഒപ്പം ഉണ്ട്. അടുത്തേക്ക് ചെല്ലാൻ പറ്റില്ല. ആളുകൾ തങ്ങളെ കല്ലെടുത്തെറിഞ്ഞ് ഓടിക്കും. എന്തുചെയ്യാം? കൂട്ടത്തിൽ ഒരുവൻ പറഞ്ഞു: 'നമുക്ക് ഇവിടെനിന്ന് ഉച്ചത്തിൽ അവനെ വിളിച്ചുകരയാം'. എല്ലാവരുടെയും മുഖങ്ങളിൽ പ്രതീ ക്ഷയുടെ ഒളി മിന്നി. അടുത്തനിമിഷം, കണ്ഠം പൊട്ടുമാറുച്ചത്തിൽ ഞങ്ങൾ നിലവിളിച്ചു. 'ഈശോയേ... ഗുരോ... ഞങ്ങളിൽ കനിയേണമേ'. ഒരു നിമിഷം ആ കരുണാമയൻ അവിടെ

നിന്നു, പിന്നെ പതിയെ ഞങ്ങളുടെ അടുത്തേയ്ക്കു വന്നു. “വേണ്ട ഗുരോ വേണ്ട.. അടുത്തേക്കു വരേണ്ട, പാപികളാണ് ഞങ്ങൾ. നിന്റെ നിഴൽ പതിക്കാൻ പോലും ഞങ്ങൾക്ക് യോഗ്യതയില്ല”, ഒരുവൻ ഉറക്കെ പറഞ്ഞു. അവൻ ഞങ്ങളുടെ അടുത്തേക്കു വന്നാൽ ഈശോയുടെ ഒപ്പം വന്ന പുരുഷാരം ഞങ്ങളെ ഉപദ്രവിക്കുമോ എന്നൊരു ഭയവും എല്ലാവരുടെയും ഉള്ളിൽ ഉണ്ടായിരുന്നു. അത് മനസ്സിലാക്കിയപോലെ അവൻ പറഞ്ഞു. “പോയി നിങ്ങളെത്തന്നെ പുരോഹിതന്മാർക്ക് കാണിച്ചുകൊടുക്കുവിൻ”.

അത് കേട്ടതും പുരോഹിതഭവനം ലക്ഷ്യമാക്കി ഒരോട്ടമായിരുന്നു. ആ ഓട്ടത്തിനിടയിൽ ഞങ്ങൾ തിരിച്ചറിഞ്ഞു: ശരീരത്തിൽ പൊട്ടിയൊലിച്ചുകൊണ്ടിരുന്ന വ്രണങ്ങളൊക്കെ പതിയെ ഉണങ്ങിത്തുടങ്ങിയിരിക്കുന്നു... അതെ ഞങ്ങൾ സൗഖ്യമാക്കപ്പെട്ടിരിക്കുന്നു. പിന്നെ ആകെയൊരു ബഹളമായിരുന്നു. പൊട്ടിയൊലിക്കുന്ന ഈ ശരീരത്തെ ആളുകളുടെ കണ്ണിൽനിന്നും മറച്ചിരുന്ന പുറങ്കുപ്പായങ്ങൾ ഞങ്ങൾ വലിച്ചെറിഞ്ഞു. പരസ്പരം കെട്ടിപ്പിടിച്ച് ആർത്തുചിരിച്ചു. അപ്പോഴാണ് ഞാൻ അതു ശ്രദ്ധിച്ചത്.... ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന വിജാതീയൻ റസീൻ, അവൻ എന്തിനാണ് ഞങ്ങളോടൊപ്പം പുരോഹിതഭവനത്തിലേക്കു വരുന്നത്? ആ എന്തെങ്കിലും ആകട്ടെ. ഞങ്ങൾ വീണ്ടും വേഗത കൂട്ടി പുരോഹിതഭവനത്തിലേക്കോടി.

പുരോഹിതനെക്കണ്ട് സുഖപ്പെട്ട വിവരം രേഖപ്പെടുത്തിയശേഷം ആഹ്ലാദത്തോടെ തിരികെ ഇറങ്ങിയപ്പോൾ അവൻ; ആ റസീൻ അതാ മുറ്റത്തു നില്ക്കുന്നു. ഇത്തവണ ഞാൻ അവനോടു ചോദിച്ചു: “നീ എന്തിനാ ഇവിടെ വന്നത്? എന്തായാലും വാ, ഇതു നമുക്ക് നന്നായി ആഘോഷിക്കണം. പട്ടുവസ്ത്രങ്ങളും മുന്തിയ വീഞ്ഞും മേൽത്തരം ഭക്ഷണവും ഇപ്പോൾമുതൽ നമ്മുടേതുകൂടെയാണ്. ഇപ്പോൾതന്നെ തുടങ്ങണം, എന്നിട്ടു നമ്മെ ആട്ടിയോടിച്ച ജനങ്ങൾക്കിടയിൽ കൂടി ആർത്തുല്ലസിച്ചു നടക്കണം. നീ വരൂ. ഇനി ഒട്ടും വൈകിക്കൂടാ.”

പെട്ടെന്ന് എന്റെ കൈകൾ ചേർത്തുപിടിച്ച് വളരെ ശാന്തനായി ഒരു മന്ദസ്മിതത്തോടെ അവൻ പറഞ്ഞു: “സഹോദരാ, അതിനുമുമ്പേ നമുക്ക് ഗുരുവിന്റെ അടുത്തേക്കു പോകാം. അവനെ കണ്ട് നന്ദി പറയാം”.

ഇത്രയും കാലത്തെ അപമാനത്തിന്റെയും അവഹേളനങ്ങളുടെയും ഓർമ്മകൾ അവന്റെ വാക്കുകളെ നിഷേധിക്കാൻ ആണ് എന്നെ പ്രേരിപ്പിച്ചത്. അവൻ ചേർത്തുപിടിച്ച ആ കൈകൾ വിടുവിച്ചുകൊണ്ട് ഞാൻ പറഞ്ഞു. “നീ വേണമെങ്കിൽ പൊയ്ക്കോ. എനിക്ക് ഇന്ന് ആനന്ദിക്കുവാനുള്ള ദിവസമാണ്. ഞാൻ അതിനു പോകുന്നു”. പെയ്യാൻ കാത്തുനിന്ന മിഴികൾ പതുക്കെ മണ്ണിലേക്കു തിരിച്ച് അവൻ തിരിഞ്ഞു നടന്നു. തെല്ലൊരു പുച്ഛത്തോടെ അവന്റെ ആ പോക്ക് ഒരു നിമിഷം ഞാൻ നോക്കിനിന്നു. പിന്നെ തിരിഞ്ഞു മറ്റു കൂട്ടുകാർക്കൊപ്പം ആഘോഷത്തിലേക്ക് നടന്നു. രാവും പകലും നീളുന്ന ആഘോഷങ്ങൾ... മദ്യവും മദിരാശിയും ധൂർത്തും ആർഭാടവും. അങ്ങനെ കുറച്ചു ദിനങ്ങൾ കടന്നുപോയി.

അന്നൊരു ദിവസം തന്റെ വീട്ടിൽവച്ച് സൈറ എന്നെ തൈലംകൊണ്ട് ഉഴിയുകയായിരുന്നു. പെട്ടെന്ന് ഒരു അലർച്ചയോടെ അവൾ ഓടിമാറി. ഭയന്നുപോയ ഞാൻ ചാടിയെണീറ്റ് അവളെ നോക്കി അലറി, “എന്താടീ?” പേടിച്ചുവിറച്ച അവൾ തന്റെ വിറയാർന്ന കൈകൾ എന്റെ നേരെ ചൂണ്ടി. എന്താണു സംഭവിച്ചതെന്നു മനസ്സിലാവാതെ എന്റെ ശരീരത്തിലേക്കു നോക്കിയ ഞാൻ ഞെട്ടി വിറച്ചുപോയി. ശരീരത്തിൽ പലയിടത്തായി വീണ്ടും ചുവന്ന കുമിളകൾ ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. ഇനി ഇത് വ്രണമാകാൻ അധികതാമസമില്ല. അവളുടെ പിൻവിളിക്ക് കാതുകൊടുക്കാതെ ഞാൻ അവിടെനിന്ന് വേഗം ഇറങ്ങിയോടി.

പെട്ടെന്ന് എനിക്കു റസീനെ ഓർമ്മ വന്നു. ഗലീലിയായിലും സമരിയായിലും അവനെ അന്വേഷിച്ചു ഞാൻ അലഞ്ഞു. പക്ഷേ കണ്ടില്ല. അവന്റെ ചില പരിചയക്കാർ പറഞ്ഞപ്രകാരം,

എന്നാൽ ഇനി ജറുസലേമിൽകൂടി അന്വേഷിക്കാം എന്നു വിചാരിച്ച് ഞാൻ ജറുസലേമിൽ എത്തി. അവിടെ അവനുണ്ടായിരുന്നു. എന്നെ കണ്ടതേ അവൻ ഓടി എന്റെയടുത്തുവന്നു. റസീൻ വളരെ സന്തോഷവാനായിരുന്നു. ഞാനെന്തെങ്കിലും ചോദിക്കുന്നതിനുമുന്നേതന്നെ അവൻ പറഞ്ഞുതുടങ്ങി. വാതോരാതെ പറഞ്ഞതുമുഴുവൻ ഈശോയെപ്പറ്റിയായിരുന്നു. കഴുത പ്പുറത്തുകയറി ജറുസലേം നഗരത്തിൽകൂടി നടന്നതും ആളുകൾ ഓശാന പാടിയതും വഴി നീളെ അവർ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചതും... അങ്ങനെ പലതും അവൻ ആവേശത്തോടെ പറഞ്ഞുകൊണ്ടിരുന്നു.

അവനെ തടസ്സപ്പെടുത്തി ഒരൽപം സങ്കോചത്തോടെ ഞാൻ ചോദിച്ചു: "ഇപ്പോൾ ഈശോ എവിടെയാണ് ഉള്ളത്?" അവൻ പറഞ്ഞു: "ഗുരു ശിഷ്യന്മാരോടൊത്ത് പെസഹാ ആചരിക്കാൻ പോയതുകൊണ്ട് ഞാൻ വീട്ടിൽ ഒന്നു പോയിരിക്കുകയായിരുന്നു. പെസഹാ ഭക്ഷണത്തിനു ശേഷം അവൻ ഇതുവഴി വരാതിരിക്കില്ല. അതാ ഞാൻ കാത്തുനിൽക്കുന്നത്.... എന്താ പ്രശ്നം? നീ ആകെ പരവശനായിരിക്കുന്നല്ലോ?" എന്ത് പറയണം എന്നെനിക്ക് അറിയില്ലായിരുന്നു. ഞാൻ അവന്റെ മുൻപിൽ പൊട്ടിക്കരഞ്ഞു. "എനിക്ക്... എനിക്ക്... വീണ്ടും..." ഗദ്ഗദത്തിനിട യിൽ വാക്കുകൾ മുറിഞ്ഞുപോയെങ്കിലും അവനു കാര്യം മനസ്സിലായി. അന്ന് സുഖപ്പെട്ട ആ ദിവസം പുരോഹിതഭവനത്തിനു മുൻപിൽ നിന്ന് എന്റെ കൈകൾ ചേർത്തുപിടിച്ചപോലെ വീണ്ടും എന്റെ കൈകൾ ചേർത്തുപിടിച്ച് അവൻ പറഞ്ഞു: "വിഷമിക്കേണ്ട സഹോദരാ... ഈശോ നിന്നെ സുഖപ്പെടുത്തും."

ഞങ്ങളുടെ കാത്തിരിപ്പിനു വിരാമമെന്നപോലെ ദൂരെ നിന്ന് ഒരു ആരവം കേട്ടു. അവൻ ആഹ്ലാദത്തോടെ പറഞ്ഞു: "ഞാൻ പറഞ്ഞില്ലേ വിഷമിക്കേണ്ടെന്ന്. ദാ നോക്കൂ അത് ഈശോ തന്നെയാണ്. നീ വരൂ, നമുക്കങ്ങോട്ട് പോകാം." അത് കേട്ടതും ഞാൻ ഓടുകയായിരുന്നു. എന്റെ ഒപ്പം ഓടി എത്താൻ റസീൻ വളരെ വിഷമിച്ചു. ഞാൻ പരിസരംപോലും മറന്ന് ഈശോയേ... ഈശോയേ... എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ടാണ് ഓടിയത്. പക്ഷേ... അടുത്തെ ത്തിയപ്പോൾ കണ്ട കാഴ്ച എന്റെ മനസ്സിനെ തകർത്തു കളഞ്ഞു. പുരോഹിതപ്രമുഖന്മാരും സേനാധിപൻമാരും ജനപ്രമാണികളും ചേർന്ന് ഈശോയെ ബന്ധിച്ചുകൊണ്ടുവരുന്നു.

ഈശോയേ എന്ന് അലറി വിളിച്ചുകൊണ്ട് മുന്നോട്ടു കുതിച്ച എന്നെ പിടിച്ചു നിർത്തിക്കൊണ്ട് റസീൻ പറഞ്ഞു: "സഹോദരാ അവിവേകം കാണിക്കരുത്...." തളർന്നു വഴി യിൽ ഇരുന്നുപോയ എന്നെ അവൻ താങ്ങി എഴുന്നേൽപ്പിച്ചു, കൽപടവിലേക്കു മാറ്റിനിർത്തി, എവിടെ നിന്നോ കുറച്ചു വെള്ളം കൊണ്ടുവന്ന് കുടിപ്പിച്ചു. പിന്നെ, ഗുരുവിനെ അവർ എന്തു ചെയ്തെന്ന് ഞാൻ പോയി നോക്കട്ടെ എന്നു പറഞ്ഞ് എങ്ങോട്ടോ പോയി.

അവൻ പോയി.... ഞാൻ അവിടെ ഇരുന്ന് ഉച്ചത്തിൽ നിലവിളിച്ചു. അവിടെനിന്ന് എഴു ന്നേൽക്കുവാനോ വേറെ എങ്ങോട്ടെങ്കിലും പോകുവാനോ എനിക്കു തോന്നിയില്ല. കരഞ്ഞു കരഞ്ഞു ഞാൻ നേരം വെളുപ്പിച്ചു. ഈശോയ്ക്ക് എന്ത് സംഭവിച്ചു എന്നറിയാൻ അതിയായ ആഗ്രഹം ഉണ്ടായിരുന്നു. എങ്കിലും കുഷ്ഠരോഗത്തിന്റ തീവ്രത കൂടിവരുന്നതുമൂലം ആളുകൾക്കി ടയിലേക്ക് പോകാൻ ഞാൻ മടിച്ചു. കുറ്റബോധത്താൽ നീറുന്ന മനസ്സുമായി ഞാൻ അവിടെ ഇരുന്നു വിലപിച്ചു. സമയം ഉച്ചകഴിഞ്ഞു. സൂര്യൻ പതുക്കെ പടിഞ്ഞാറേക്കു നീങ്ങിത്തുടങ്ങി. പെട്ടെന്ന് അന്തരീക്ഷം ആകെ മാറി... സൂര്യൻ ഇരുണ്ടു. ഞാൻ ഇരുന്നിടത്തു മുഴുവൻ അന്ധ കാരം വ്യാപിച്ചു. ആകാശത്തുനിന്ന് വലിയ ശബ്ദം മുഴങ്ങുന്നു. ഞാൻ ഭയന്നുവിറച്ച് ഉച്ചത്തിൽ അലറി കരഞ്ഞു. പിന്നെ മുഖം കാൽമുട്ടിലേക്കു ചേർത്തുവച്ച് അവിടെ ഇരുന്നു.

എത്ര സമയം അങ്ങനെ ഇരുന്നു എന്നെനിക്കറിയില്ല. എന്റെ തോളിൽ ആരോ സ്പർശി ച്ചു. ഞാൻ ഞെട്ടി ഉണർന്നു. ചുറ്റും പ്രകാശം വ്യാപിച്ചിരിക്കുന്നു. ഞാൻ കണ്ണുകൾ തിരുമ്മി

വീണ്ടും നോക്കി. അതെ ചുറ്റിലും പ്രകാശം പരന്നിരിക്കുന്നു. എന്നെ തൊട്ടത് ആരാണെന്നു ഞാൻ നോക്കി. ഇന്നലെ എന്നെ ഇവിടെ ഇരുത്തി ഈശോയെക്കുറിച്ച് അന്വേഷിക്കാൻപോയ റസീൻ തിരിച്ചു വന്നിരിക്കുന്നു.

അവൻ എന്നെ പിടിച്ച് എഴുന്നേൽപ്പിച്ചു. പിന്നെ അലറിക്കരഞ്ഞ് എന്നെ കെട്ടിപ്പിടിച്ചു. ഞാൻ അമ്പരന്നുപോയി. ഇവനിതെന്തുപറ്റി? ഞാൻ അവനെ ശാന്തനാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവൻ പറഞ്ഞു... കൊന്നു... അവർ നമ്മുടെ ഈശോയെ കുരിശിൽ തറച്ചു കൊന്നു. കുറച്ചു മണിക്കൂറുകൾക്കു മുൻപ് ആകാശത്തുനിന്ന് കേട്ട ശബ്ദത്തിൽ ഞെട്ടിവിറച്ചതിനേക്കാൾ തീവ്രതയിൽ ഞാൻ ഞെട്ടി വിറച്ചു. എന്റെ പ്രതീക്ഷകളെല്ലാം അസ്തമിച്ചിരിക്കുന്നു. റസീനെ തള്ളിമാറ്റി ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ഞാൻ അവിടെനിന്ന് ഓടി.

മൂന്നുമാസം കഴിഞ്ഞു. ആളുകളുടെ അവഹേളനങ്ങളും കല്ലെറിയലും പഴയതിനേക്കാളും കൂടിയിരിക്കുന്നു. റസീനെ പിന്നെ പോയി കാണാൻ തോന്നിയില്ല. എന്തിന് അവനെകൂടി ആളുകളെ കൊണ്ട് കല്ലെറിയിക്കണം.

ഞാൻ ആ അത്തിമരത്തിലേക്കു നോക്കി. അത് ഉണങ്ങിപ്പോയിരിക്കുന്നു. ഈശോ ഫലം പ്രതീക്ഷിച്ചുചെന്ന അത്തിമരം ആണത്. ഫലശൂന്യമാകയാൽ ശാപഗ്രസ്ഥമായിത്തീർന്ന ആ അത്തിമരം കരിഞ്ഞുണങ്ങിയിരിക്കുന്നു. അതുപോലെ ഞാനും ഇപ്പോൾ ശാപഗ്രസ്ഥനായി മാറിയില്ലേ?

പെട്ടെന്ന് ഒരു ആരവം കേട്ട് ഞാൻ അങ്ങോട്ടേക്ക് നോക്കി. ഒരു പുരുഷാരം ഇതാ കടന്നു വരുന്നു. ഞാൻ എഴുന്നേറ്റുനിന്നു. തേജസ്വിയായ ഒരു മനുഷ്യൻ മുൻപിൽ ഉണ്ട്. അടുത്ത് എത്താറായപ്പോൾ ആളെ മനസ്സിലായി... പത്രോസ്... ഈശോയുടെ ശിഷ്യൻ ശിമയോൻ പത്രോസ്. ഞാൻ ഓടി അടുത്തേക്കു ചെന്ന് ആ വഴിയിൽ മുട്ടുകുത്തി തലകുമ്പിട്ട് ഉച്ചത്തിൽ നിലവിളിച്ചു. "ഈശോമിശിഹായുടെ നാമത്തിൽ എന്നെ സുഖപ്പെടുത്തണമേ..."

പത്രോസ് അടുത്തു വന്നു തോളിൽ പിടിച്ചുയർത്തിക്കൊണ്ട് പറഞ്ഞു. "നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ. നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ നീ സുഖപ്പെടട്ടെ". പെട്ടെന്ന് എന്റെ ശരീരം മുഴുവൻ ചുഴറ്റിയെറിയാൻ ശക്തിയുള്ള ഒരു കൊടുങ്കാറ്റ് എന്റെയുള്ളിൽ നിന്നും പുറപ്പെട്ടു. എന്റെ ശരീരത്തിലെ മുറിവുകൾ മാഞ്ഞുപോയി... ഞാൻ ആ കാൽക്കലേക്ക് വീണ്ടും വീണു. നന്ദി വാക്കുകൾ കൊണ്ട് പറയാൻ എനിക്ക് കഴിഞ്ഞില്ല. എന്റെ അധരങ്ങൾ വിതുമ്പിക്കൊണ്ടിരുന്നു.

എന്റെ ഗുരുവിന്റെ ശിഷ്യൻ എന്നെ ചേർത്തുപിടിച്ചുകൊണ്ടു പറഞ്ഞു: "സീയോൻ മലയിലേക്കും ജീവിക്കുന്ന ദൈവത്തിന്റെ നഗരമായ സ്വർഗീയ ജറുസലേമിലേക്കും അസംഖ്യം ദൂതന്മാരുടെ സമൂഹത്തിലേക്കുമാണ് നീ വന്നിരിക്കുന്നത്. സ്വർഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതരുടെ സമൂഹത്തിലേക്കും സഭയിലേക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപന്റെ മുൻപിലേക്കും പരിപൂർണ്ണരാക്കപ്പെട്ട നീതിമാന്മാരുടെ ആത്മാക്കളുടെ അടുത്തേക്കും പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ ഈശോയുടെ സവിധത്തിലേക്കും ആബേലിന്റെ രക്തത്തേക്കാൾ ശ്രേഷ്ഠമായവ വാഗ്ദാനം ചെയ്യുന്ന തളിക്കപ്പെട്ട രക്തത്തിലേക്കുമാണ് നീ വന്നിരിക്കുന്നത്. അതിനാൽ തളർന്ന കൈകളെയും ബലമില്ലാത്ത കാൽമുട്ടുകളെയും ശക്തിപ്പെടുത്തുവിൻ. മുടന്തുള്ള പാദങ്ങൾ സന്ധിവിട്ട് ഇടറിപ്പോകാതെ സുഖപ്പെടാൻ തക്കവിധം അവയ്ക്ക് നേർവഴി ഒരുക്കുവിൻ. ലോകം മുഴുവനും കർത്താവായ ഈശോയുടെ സുവിശേഷം അറിയിക്കുവിൻ. അവന്റെ പിന്നാലെ വരുവിൻ".

മുന്നോട്ട് നടന്ന ആ പുണ്യവര്യന്റെ പിന്നാലെ നസ്രായനായ ഈശോയേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ... എന്ന് ഉച്ചത്തിൽ ഘോഷിച്ചുകൊണ്ട് ഞാനും നടന്നു.




**പ**റക്കും വിശുദ്ധൻ എന്നു കേൾക്കുമ്പോൾ തന്നെ മനസ്സിൽ എന്തോ ഒരു ഞെട്ടൽ. അതെ, വിമാനയാത്രക്കാരുടേയും ശൂന്യാകാശയാത്രികരുടെയും മന്ദബുദ്ധികളുടെയും പരീക്ഷകൾ എഴുതുന്നവരുടെയും പഠനത്തിൽ പിന്നോക്കമായ വിദ്യാർത്ഥികളുടെയും സ്വർഗീയ മദ്ധ്യസ്ഥനായി കരുതപ്പെടുന്ന കുപ്പർത്തീനോയിലെ വിശുദ്ധ ജോസഫ്.

"ഇറ്റലിയുടെ പാദരക്ഷ" എന്നറിയപ്പെടുന്ന പഴയ നേപ്പിൾ രാജ്യത്തിലെ കുപ്പർത്തീനോ എന്ന നഗരത്തിൽ 1603 ജൂൺ 17-ാം തിയതി ഫെലിസ് ദേസയുടെയും ഫ്രാൻസിസ് കാ പനാരയുടെയും മകനായി ജോസഫ് ജനിച്ചു. പരോപകാരിയായി അറിയപ്പെട്ടിരുന്ന ആശാരിയായ പിതാവ് പാവപ്പെട്ട അയൽക്കാരുടെ കടങ്ങൾക്ക് ജാമ്യം നിന്ന് സ്വയം കടക്കാരനായി മരണം വരിച്ചു. ഭർത്താവ് വീട്ടാതിരുന്ന കടങ്ങൾ മൂലം ഉത്തമർണ്ണന്മാർ വീടു കയ്യടക്കിയതിനെതുടർന്ന് വഴിയാധാരമായ, ഗർഭിണിയായിരുന്ന ജോസഫിന്റെ അമ്മ, മകനെ പ്രസവിച്ചത് ഒരു കാലിത്തൊഴുത്തിലാണ്.

ശിശുപ്രായത്തിൽ തീരെ ബുദ്ധി കുറഞ്ഞവനായിരുന്ന അദ്ദേഹത്തിന്റെ ദേഹത്ത് വേദനിപ്പിക്കുന്ന മുഴകൾ വരുക പതിവായിരുന്നു. മാതാവിനോട് വളരെ ഭക്തിയുള്ള അദ്ദേഹം 'കൃപയുടെ മാതാവിന്റെ' രൂപത്തിനു മുൻപിൽ കത്തിയിരുന്ന വിളക്കിലെ എണ്ണ ശരീരത്തിൽ പുരട്ടിയപ്പോൾ അസുഖം വിട്ടുമാറിയതായി പറയപ്പെടുന്നു.

അമ്മയും അമ്മാവന്മാരും ഉൾപ്പെടെയുള്ള ബന്ധുജനങ്ങൾ അദ്ദേഹത്തെ ഒന്നിനും കൊള്ളില്ലാത്തവനായി മാറ്റിനിർത്തിയിരുന്നു. ശൂന്യതയിലേക്ക് തുടർച്ചയായി തുറിച്ചു നോക്കിയിരുന്ന ശീലം മൂലം ചെറുപ്പത്തിൽ അദ്ദേഹത്തെ ഇറ്റാലിയൻ ഭാഷയിൽ 'വാപൊളിയൻ' എന്നർത്ഥമുള്ള 'Bocca Aperta' എന്നു കളിയാക്കി വിളിക്കുക പതിവായിരുന്നു.

17-ാമത്തെ വയസ്സിൽ വിദ്യാഭ്യാസയോഗ്യതയുടെ കുറവ് മൂലം ഫ്രാൻസിസ്കൻ സമൂഹത്തിൽ പ്രവേശനം ലഭിച്ചില്ല. തുടർന്ന് കപ്പൂച്ചിൻ സന്ന്യാസസഭയിൽ ചേർന്നെങ്കിലും വെളിപാ

ടുകൾ മൂലം ഉണ്ടായിരുന്ന വിഭ്രാന്താവസ്ഥമൂലം അദ്ദേഹത്തെ പുറത്താക്കി. ഒടുവിൽ ഇരുപത് വയസ്സ് കഴിഞ്ഞപ്പോൾ കുപ്പർത്തീനോയ്ക്കടുത്തുള്ള ഗ്രോട്ടെല്ലായിലെ ഫ്രാൻസിസ്കൻ ആശ്രമത്തിൽ വേലക്കാരനായി പ്രവേശനം കിട്ടി.

എഴുത്തും വായനയും കഷ്ടിച്ചുമാത്രം വശമുണ്ടായിരുന്ന ജോസഫ് അവിടെ വിശുദ്ധിയിലും ജ്ഞാനത്തിലും വളർന്ന് ദാരിദ്ര്യനിഷ്ഠയിൽ പ്രാർത്ഥനാനിരതനായി ജീവിച്ചു. പഠനകാര്യങ്ങളിലും കുറവുണ്ടെങ്കിലും പലപ്പോഴും വിഷമസമസ്യകൾക്ക് സമാധാനം പറയാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

ജോസഫിന്റെ ഭക്തിയും വിനയവും ആത്മാർത്ഥതയും ബോധ്യപ്പെട്ട അധികാരികൾ അദ്ദേഹത്തെ പൗരോഹിത്യത്തിലേക്കു പ്രവേശിപ്പിക്കാൻ തീരുമാനിച്ചു. പഠനത്തിൽ തീരെ കഴിവില്ലാതിരുന്ന അദ്ദേഹം പാഠത്തിന്റെ ഏതെങ്കിലും ഒരു ചെറിയ ഭാഗം മനഃപാഠമാക്കിയ ശേഷം, പരീക്ഷയ്ക്ക് അതുതന്നെ ചോദിക്കണമേ എന്നു പ്രാർത്ഥിക്കുക പതിവായിരുന്നു. അങ്ങനെ 1628 ൽ അദ്ദേഹം പുരോഹിതനായി.

1630 ഒക്ടോബർ 4 ന് കുപ്പർത്തീനോ നഗരത്തിൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന പ്രദക്ഷിണത്തിൽ സഹായിച്ചുകൊണ്ടിരുന്ന ജോസഫ് താനറിയാതെ പെട്ടെന്ന് അന്തരീക്ഷത്തിലേക്കുയർന്ന് ജനക്കൂട്ടത്തിന്റെ മുകളിൽ നിലകൊണ്ടു. തിരികെ താഴെ വന്നപ്പോൾ തനിക്കു സംഭവിച്ചതെന്തെന്ന് മനസ്സിലാക്കിയ അദ്ദേഹം ലജ്ജിതനായി സ്വന്തം അമ്മയുടെ വീട്ടിൽ ഒളിച്ചിരുന്നു. തുടർന്നുണ്ടായ ഇത്തരം ഒട്ടേറെ അനുഭവങ്ങളിൽ ആദ്യത്തേതു മാത്രമായിരുന്നു ഇത്. താമസിയാതെ അദ്ദേഹത്തിന് പറക്കും പുണ്യവാളൻ എന്ന പേര് കിട്ടി.

ഇത്തരം അനുഭവങ്ങൾ തുടർന്നതോടെ ജോസഫിന്റെ ജീവിതം ദുരിതപൂർണ്ണമായി. അദ്ദേഹത്തിന്റെ അത്ഭുതങ്ങൾ കണ്ടിട്ട് പല വിശ്വാസികളും അദ്ദേഹത്തെ സമീപിച്ചിരുന്നു. തന്മൂലം ഇതിന്റെ പേരിൽ അദ്ദേഹത്തിന് വിചാരണയ്ക്കും വിലക്കുകൾക്കും നാടുകടത്തലിനും വിധേയനാകേണ്ടി വന്നു. എങ്കിലും എല്ലാം അനുസരണയോടെ അദ്ദേഹം സ്വീകരിച്ചു. വിശുദ്ധിയുടെ തികവുമൂലം ജോസഫ് ഒരു മധുരഗന്ധം പരത്തിയിരുന്നു എന്നും പാപാവസ്ഥയിലായിരുന്നവരുടെ ദുർഗന്ധം തിരിച്ചറിയുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു എന്നും പറയപ്പെടുന്നു.

1663 ആഗസ്റ്റ് 10 ന് പനിപിടിച്ച് അദ്ദേഹം ശയ്യാവലംബനായി. മാതാവിന്റെ സ്വർഗാരോപണത്തിരുനാളിൽ ചൊല്ലിയ അവസാനത്തെ കുർബാനയ്ക്കിടെ അദ്ദേഹത്തിന് ദൈവികസാന്ത്വനങ്ങളും ദർശനങ്ങളും ഉണ്ടായി. തന്റെ മരണം അടുത്തു എന്നു ബോധ്യമായ അദ്ദേഹം "കഴുത മലകയറാൻ തുടങ്ങിയിരിക്കുന്നു" എന്നു മന്ത്രിക്കാൻ തുടങ്ങി. 1663 സെപ്റ്റംബർ 18 ന് അദ്ദേഹം സ്വർഗകിരീടം ചൂടി. 1767 ജൂലൈ 16 ന് ക്ലമന്റ് 13-ാം മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

വിശുദ്ധ ജോസഫിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത് ബലഹീനരിലാണ് കർത്താവ് തന്റെ ശക്തി പ്രകടിപ്പിക്കുന്നത് എന്ന തിരുവചനമാണ്. ജീവിതത്തിൽ പരാജയങ്ങളും തിരസ്കരണങ്ങളും ഉണ്ടാവാം. എന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല എന്ന ചിന്തകളും എത്ര ശ്രമിച്ചിട്ടും മറ്റുള്ളവരുടെ ആഗ്രഹത്തിനൊത്തുയരാൻ പറ്റുന്നില്ലല്ലോ എന്ന അസ്വസ്ഥതകളും വരാം. എങ്കിലും ഇരുളിന്റെ നിഴൽ വീണ താഴ്‌വരകളിൽ ജീവിക്കുമ്പോഴും നമ്മുടെ കർത്താവ് നമ്മെ കാക്കുന്നു ഈ ലോകത്തിൽ ആവശ്യമായ എല്ലാ കൃപാവരങ്ങളും നൽകി ദൈവം നമ്മെ അനുഗ്രഹിക്കുന്നു. അവിടുന്നു നമ്മോടു പറയുന്നു: "എനിക്കു നിന്നോടുള്ള സ്നേഹം അനന്തമാണ്. നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും" (ജറെമിയ 31,7).

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ പള്ളിക്കൂദാശാക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. യുഗാന്ത്യത്തിൽ മിശിഹായുടെ മണവാട്ടിയായ സഭ തന്റെ മക്കളോടൊപ്പം സ്വർഗീയജറുസലേമാകുന്ന മണവറയിൽവച്ച് മണവാളനായ മിശിഹായെ മുഖാമുഖം ദർശിക്കുകയും, മണവാളനോടൊപ്പം അവൾ നിത്യസൗഭാഗ്യത്തിലേക്കു പ്രവേശിക്കുകയും ചെയ്യുന്ന സംഭവമാണ് സഭ ഇക്കാലത്ത് അനുസ്മരിക്കുന്നത്. ഈ സൗഭാഗ്യത്തെ മുന്നിൽ കാണുന്ന സഭയെ ഓർമ്മിപ്പിക്കുന്നതാണ് പരിശുദ്ധ കുർബാനയിൽ മദ്ബഹായുടെ വിരി തുറക്കുമ്പോഴുള്ള പ്രാർത്ഥന. ഈ പ്രാർത്ഥനയിൽ "ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമായ മിശിഹായെ പ്രതീക്ഷിച്ച്, സകലസൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടിനിൽക്കുന്ന സഭയെ"യാണ് അവതരിപ്പിക്കുന്നത്. വിവിധ സുകൃതങ്ങളാൽ അലംകൃതയായി, വിശുദ്ധിയുടെ മുടിയുമണിഞ്ഞ്, മണവാളനായ മിശിഹായെ സ്വീകരിക്കുവാൻ ഒരുങ്ങിയിരിക്കുന്ന മണവാട്ടിയായി സഭയെ കെട്ടിപ്പടുക്കുവാനാണ് നമ്മെ പുരോഹിതശുശ്രൂഷയ്ക്കായി ദൈവം നിയോഗിച്ചിരിക്കുന്നത്. ഈ ഒരു ദൗത്യം പൂർത്തിയാക്കുവാൻ നിരന്തരം പരിശ്രമിച്ചുകൊണ്ട് നമ്മുടെ അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്കു പരിശ്രമിക്കാം.

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ഇന്ത്യയിലെ മാക്സിമലിസം കുടുംബത്തിന്റെ സ്ഥാപകഡയറക്ടർ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചന്റെ നാമഹേതുകദിനമായ സെപ്റ്റംബർ 21-ാം തീയതി വൈകുന്നേരം 6.30 മുതൽ 7.30 വരെ, 'സ്നേഹത്തിന്റെ മാക്സിമലിസം കുടുംബസമ്മേളനം' ഓൺലൈനായി നടത്തി. പ്രസ്തുതസമ്മേളനത്തിൽ അപ്പസ്തോലിക് ഒബ്ളേറ്റ്സ്, അപ്പസ്തോലിക് സൊദാലെസ്, സോഷ്യൽ ആനിമേറ്റേഴ്സ്, കോ-ഓപ്പറേറ്റീവ്സ് എന്നിവരെല്ലാം സജീവമായി പങ്കുചേർന്നു. ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ "സഭ: ഒരു കുടുംബം" എന്ന വിഷയത്തെ ആസ്പദമാക്കി സന്ദേശം നൽകുകയും ഓരോ ഇൻസ്റ്റിറ്റ്യൂട്ടിനെയും പ്രതിനിധീകരിച്ച് ബഹു. ഫാ. എമ്മാനുവേൽ പെരിയപ്പുറം, അന്നമ്മ കുളത്തൂപുരയിടം, ഡോ. ബാബു സെബാസ്റ്റ്യൻ കൈനിക്കര, ജയാ ജേക്കബ് എമ്പ്രയിൽ എന്നിവർ സംസാരിക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.




# നേട്ടം

സാബി കോഴിക്കോട്

**പ**ടിഞ്ഞാറുള്ള പള്ളിയിലേക്ക് പൗലോസച്ചൻ സ്ഥലംമാറി വന്നിട്ട് രണ്ടരക്കൊല്ലമായി. സ്വതവേ കഠിനാദ്ധ്വാനിയും പരിശ്രമശാലിയുമായ അച്ചന് സമയം പാഴാക്കുന്നത് ഒട്ടും ഇഷ്ടമുള്ള കാര്യമല്ല. അതുകൊണ്ടുതന്നെ അദ്ദേഹം പുതിയ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തുപോന്നു. പള്ളിയിലേക്കുള്ള പാലവും റോഡുമൊക്കെ അച്ചന്റെ പ്രയത്നഫലം തന്നെ. ആളുകളെ മുന്നിൽ നിന്നു നയിക്കാനും അവർക്കൊപ്പം അവരിലൊരാളായി മാറുന്നതിനും അദ്ദേഹത്തിന് നിഷ്പ്രയാസം കഴിയും. റിസ്ക് എടുക്കുക എന്നത് അദ്ദേഹത്തിനൊരു ഹരമാണ്.

പൊട്ടിപ്പൊളിഞ്ഞ പള്ളിമുറിയിൽ, ആടിയിളകുന്ന കട്ടിലിൽ പട്ടുമെത്തയിലെന്നപോലെ അദ്ദേഹം പരാതി കൂടാതെ ജീവിച്ചു. ഇടവകയിലെ ആരുടെ വേദനയിലും അച്ചൻ ഓടിയെത്തും. പന്തു കളിക്കാൻകൂടിയും സൂത്രത്തിൽ ജപമാല ചൊല്ലിച്ചും യുവജനങ്ങളെ പള്ളിയോടു ചേർത്തുനിർത്താൻ അച്ചന് അപാരമിടുക്കാണ്. കുട്ടികൾ കൂട്ടംകൂടുന്നതും പള്ളിവരാന്തയിൽതന്നെ. ഇങ്ങനെയൊക്കെയാണെങ്കിലും വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും അച്ചൻ തയ്യാറല്ലതാനും. അതുകൊണ്ട് തന്നെ ഇടവകക്കാർക്കെല്ലാം സ്നേഹത്തിൽ കുതിർന്ന ഒരു ഭയം അച്ചനോടുണ്ട്.

അച്ചൻ വന്നകാലം മുതൽ പള്ളിപ്പൊതുയോഗത്തിന്റെ ആഗ്രഹമാണ് നിലവിലുള്ള പാരീഷ്ഹാൾ ഒന്നു പുതുക്കിപ്പണിയണമെന്നത്. അതുപിന്നെ ഓരോ അച്ചന്മാർക്കും എന്തെങ്കിലുമൊരു പണി കൊടുക്കുക എന്നത് ഇടവകക്കാരുടെ ധർമ്മവുമാണല്ലോ! തൊട്ടടുത്ത ഞായറാഴ്ച്ച അച്ചൻ പൊതുയോഗം വിളിച്ചു. പതിവിൽ കൂടുതൽ ആളുകളെ കണ്ടതും അച്ചനു പെരുത്ത സന്തോഷമായി. ഇന്നെന്തെങ്കിലും ഒന്നു നടക്കും. പൊതുയോഗത്തിൽ ചർച്ചകൾ പൊടിപൊടിച്ചു. കാപ്പികുടി കുശാലായി നടന്നു. പക്ഷേ എന്നത്തേയുംപോലെ അന്നും തീരുമാനമൊന്നുമായില്ല.

എന്തായാലും അച്ചൻ മറ്റൊരു അജണ്ടകൂടി വച്ചു. തന്റെ ടോയ്‌ലറ്റ് കൂടി ഒന്ന് ഉപയോഗയോഗ്യമാക്കിത്തരാമോ? പഴകിത്തുടങ്ങിയ പള്ളിമുറിയുടെ കാര്യം പോകട്ടെ. ബാത്റൂമിന്റെ

അവസ്ഥ അതിദയനീയമാണ്. മിക്കപ്പോഴും ബാത്റൂമിൽ പാമ്പ്, തേൾ മുതലായ ക്ഷുദ്രജീവിക ളുടെ തേരോട്ടമാണ്. സ്ഥിരമായി വരുന്ന ഈ അതിഥികളെ പുറത്താക്കിയിട്ടുവേണം അച്ചന് ആ സ്ഥലം ഉപയോഗിക്കുവാൻ. ലീക്കായ പൈപ്പും ഏതു സമയവും അടർന്നു വീണേക്കാ വുന്ന ചുമരും അതിന്റെ മറ്റൊരു മുഖമാണ്.

ഒരു കനത്ത നിശബ്ദത അവിടെ തളം കെട്ടിനിന്നു. കുറച്ചു നേരത്തേക്ക് ആരും ഒന്നും മിണ്ടാൻ കൂട്ടാക്കിയില്ല. അതുകഴിഞ്ഞപ്പോൾ ആ നാട്ടിലെ പ്രമാണിയായ പരിയാരത്ത് പാപ്പ ച്ചൻ ചേട്ടൻ എഴുന്നേറ്റുനിന്നു. അച്ചന് ആശ്വാസമായി. ഇന്ന് എന്തായാലും കാര്യങ്ങൾക്ക് ഒരു തീരുമാനമാകും. തന്റെ ഘനമേറിയ സ്വരത്തിൽ പാപ്പച്ചൻചേട്ടൻ പറഞ്ഞു. "പള്ളിയിലെ കാശ് എന്തെങ്കിലും പ്രയോജനപ്രദമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കണം. അല്ലാതെ അതു മിതും പണിത് കാശു നഷ്ടപ്പെടുത്തുന്നതിനോട് എനിക്കു യോജിപ്പില്ല". അച്ചന് അടിയേറ്റതു പോലെയായി. കുരിശിൽ നഗ്നനായി കിടക്കുന്ന തമ്പുരാന്റെ അതേ അവസ്ഥ. രണ്ടരക്കൊല്ലം ഈ ഇടവകയ്ക്കുവേണ്ടി ജീവൻ കൊടുത്തിട്ട് ഒരു ആശ്വാസവാക്കു പറയുവാൻ പോലും ആരും തുനിഞ്ഞില്ല... മൗനം സമ്മതം എന്നല്ലേ! ഉള്ളിൽ ഇരച്ചുവന്ന സങ്കടക്കടൽ നിയന്ത്രിച്ചുകൊണ്ട് അച്ചൻ ശാന്തതയോടെ പൊതുയോഗം സമാപിപ്പിച്ചു. പൊതുയോഗം കഴിഞ്ഞിട്ടും ഒരു ഖേദ പ്രകടനത്തിനുപോലും ആരും മുതിർന്നില്ല.



പക്ഷേ കുരിശിൽ പിടഞ്ഞവൻ അദ്ദേഹത്തിന്റെ പിടച്ചിൽ ഏറ്റെടുത്തു. അദ്ദേഹം മുറിയിൽ ചെന്നു തന്റെ ബൈബിൾ എടുത്തുതുറന്നു. അത്ഭുതംകൊണ്ട് അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. തന്നെ കാത്തിരുന്ന വചനം... "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു". എല്ലാം മറന്ന പൗലോസച്ചൻ ദൈവത്തിന് നന്ദി പറഞ്ഞു: "എന്റെ കർത്താവേ... എന്റെ ദൈവമേ".

തനിക്ക് എന്തെങ്കിലും പ്രയോജനം കിട്ടുന്ന കാര്യങ്ങൾ മാത്രം നടപ്പാക്കുക എന്നത് ഇന്നിന്റെ പ്രത്യേകതയാണ്. സമ്പത്തും സ്ഥാനമാനങ്ങളും വെട്ടിപ്പിടിക്കുന്നതിൽ മാത്രമല്ല, കൂട്ടുകാരുടെയും ഉറ്റവരുടെയും ജീവിതപങ്കാളികളുടെയും തെരഞ്ഞെടുപ്പിൽപോലും ഈ മനോഭാവം നമുക്കു കാണാനാവും. കൂടെ കൂടിയവർ ഒരു നാളിൽ തനിക്കു പ്രയോജനം നല്കില്ല എന്ന സ്ഥിതി വന്നാൽ ഒരു ഉളുപ്പും കൂടാതെ, അന്നുവരെ അവർ ചെയ്ത നന്മകളൊക്കെ വിസ്മരിച്ച് അവരെ ചവറ്റുകൊട്ടയിൽ തള്ളുമെന്നതിൽ ഒരു സംശയവും വേണ്ട.

നേട്ടങ്ങളിൽമാത്രം നോട്ടമെറിയുന്നവൻ ഈ നേട്ടമൊക്കെയും സർവ്വശക്തന്റെ സൗജന്യദാനമാണെന്നും ഏതു നിമിഷവും ഈ ദാനം പിൻവലിക്കപ്പെടാമെന്നും ഒരു വേള മറന്നുപോകുന്നു. ഒരു നെന്മണി ആഹാരമായി പാത്രത്തിലെത്തുന്നതിന്റെ പിന്നിലെ ആയിരങ്ങളുടെ കഷ്ടപ്പാടുകൾ നാമെന്തേ സൗകര്യപൂർവ്വം മറക്കാൻ ശ്രമിക്കുന്നു?

നേട്ടങ്ങൾക്കുവേണ്ടി പടവെട്ടി മുന്നേറുമ്പോൾ നമ്മുടെ കാലടികൾക്കു കീഴിൽ ഞെരിഞ്ഞമരുന്ന കുറച്ചു മനുഷ്യജന്മങ്ങളുണ്ട്. അതിൽ മാതാപിതാക്കളും മക്കളും ജീവിതപങ്കാളികളും ഉണ്ടാവാം. അവരുടെ നിശബ്ദ നിലവിളികൾ സൃഷ്ടികർത്താവിന്റെ നെഞ്ചിൽ ചെന്നടിയ്ക്കാതിരിക്കുമോ? നമ്മുടെ തെറ്റായ പ്രവൃത്തികൾ നമ്മെ നാശത്തിലേക്ക് തള്ളിയിടാതിരിക്കുമോ?

സ്വന്തം നേട്ടങ്ങൾക്കു വിലങ്ങുതടിയാവുമെന്ന് കരുതുന്നവരെ നിഷ്കരുണം വെട്ടിവീഴ്ത്താൻ ഊറ്റംകൊള്ളുന്നവർ ഒന്നു തിരിച്ചറിയണം. നമ്മുടെ നേട്ടങ്ങൾക്കു പിന്നിൽ അഹോരാത്രം അദ്ധ്വാനിച്ചവരാണവർ. അവർ എന്നും ആഗ്രഹിച്ചതും നാം നേടണമെന്നുമാത്രമാണ്.

'നേടുക' എന്നതിന് അവലംബിക്കുന്ന മാർഗം എന്തായാലും യാതൊരു കുഴപ്പവുമില്ല എന്നു കരുതുമ്പോൾ നാം പഠിച്ചതും തലമുറകളിലൂടെ കൈമുതലായി ലഭിച്ചതുമെല്ലാം ക്ഷണനേരംകൊണ്ട് നമ്മെ വിട്ടുപോകുമെന്ന് ഓർത്തുവയ്ക്കാം. അറിഞ്ഞുകൊണ്ട് അടിവേരറുത്താൽ തൽക്ഷണം പൊലിഞ്ഞുപോവുകതന്നെ ചെയ്യും.

ഇവിടെ നാം നോക്കേണ്ടത് ഈശോയുടെ മിഴികളിലേക്കാണ്. സ്വയം നഷ്ടപ്പെടുത്തി അപരനെ നേടുവാൻ പാത കാട്ടിത്തന്ന ഈശോയാണ് നമ്മുടെ വഴിവിളക്ക്. തന്റെ തെറ്റുകൾക്കല്ല നമ്മുടെ തെറ്റുകൾക്ക് സ്വയം കുരിശുചുമന്നവൻ, മക്കളെന്ന അവകാശവാദം ഉന്നയിക്കുന്ന നമ്മുടെ തോന്ന്യാസങ്ങൾക്കുവേണ്ടി നിന്ദനമേറ്റവൻ, മാനവകുലത്തിന്റെ മുഴുവൻ അകൃത്യങ്ങൾക്കുവേണ്ടി ചാട്ടവാറടിയേറ്റവൻ... തീർന്നില്ല... നാം ചിതറിപ്പോകാതിരിക്കാൻ, തളർന്നു വീഴാതിരിക്കുവാൻ സ്വർഗീയമന്നയായ പരിശുദ്ധ കുർബാനയിലേക്ക് സ്വയം ചുരുങ്ങിയവൻ, ഇന്നും നമ്മുടെ അവഗണനകളും ദുർസാക്ഷ്യങ്ങളും ഏറ്റുവാങ്ങി ഒരു തിരിച്ചുവരവിനായി കാതോർത്ത് സക്രാരികളിൽ കാത്തിരിക്കുന്നവൻ... അവനല്ലേ യഥാർത്ഥത്തിൽ നേടിയവൻ? എങ്കിൽ എന്റെയും നിങ്ങളുടെയും നേട്ടങ്ങൾക്കായുള്ള നേർവഴി അവൻതന്നെയാണ്. ആദ്യം അവനെ നേടാം. ഒപ്പം അവൻ നമുക്കു തന്നവരെയും. അപ്പോൾ നാമും മനുഷ്യഹൃദയങ്ങളിൽ ഇടംപിടിക്കും. അല്ലാത്തതൊക്കെ അടുത്ത മഴയ്ക്കൊലിച്ചു പോകാവുന്നതേയുള്ളൂ!

# വെള്ളയങ്കി അണിഞ്ഞവർ

**ജിസ കൂട്ടിയാനിയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**പ**ണ്ടെന്നോ വായിച്ച ഒരു കൊച്ചുകഥ ഓർക്കുന്നു. ആ കൊച്ചുപെൺകുട്ടിയും പെലിക്കൻ പക്ഷിയും പിരിയാത്ത കൂട്ടുകാരായിരുന്നു. എന്തിനും ഏതിനും അവർ ഒരുമിച്ചാണ്. അങ്ങനെയിരിക്കെ പെൺകുട്ടിയുടെ ജന്മദിനം വന്നെത്തി. "നിനക്കെന്താണ് ഞാൻ സമ്മാനമായി തരേണ്ടത്"? പെലിക്കൻപക്ഷി ചോദിച്ചു. "എനിക്ക് ഒരു ചുവന്ന റോസാപ്പൂവു മതി". പെൺകുട്ടി പറഞ്ഞു. ആ പക്ഷി ചുവന്ന റോസാപ്പൂവു തേടി യാത്രയായി. പല പൂന്തോട്ടങ്ങളിൽ ഒത്തിരിയേറെ അലഞ്ഞിട്ടും അതിന് അതു കണ്ടെത്താനായില്ല. നാളെയാണ് തന്റെ ഉറ്റചങ്ങാതിയുടെ ജന്മദിനം. അവൾ ചോദിച്ച സമ്മാനത്തിനായി അലയാൻ ഇനി ഒരിടവുമില്ല. നിരാശയോടെ തിരിച്ചെത്തിയ പെലിക്കൻപക്ഷി തന്റെ തോട്ടത്തിലേക്കു നോക്കിയപ്പോൾ അവിടെ അതാ വെളുത്തു മനോഹരമായ ഒരു റോസാപുഷ്പം. ഒട്ടും മടിച്ചില്ല, ആ പക്ഷി വേഗം പറന്നുചെന്ന് ആ റോസാച്ചെടിയുടെ കൂർത്ത മുള്ളിനോട് തന്റെ ഹൃദയം ചേർത്തുവച്ചു. പെലിക്കൻ പക്ഷിയുടെ ഹൃദയം മുറിഞ്ഞ് ഒഴുകിയ രക്തം ആ വെളുത്ത പൂവിനെ മനോഹരമായ ചുവന്ന റോസപ്പൂവാക്കി മാറ്റി. പിറ്റേന്ന് അതിരാവിലെതന്നെ തന്റെ കൂട്ടുകാരിയെ അന്വേഷിച്ചു തോട്ടത്തിലേക്കിറങ്ങിയ പെൺകുട്ടിയെ വരവേറ്റത് ആ ചുവന്ന റോസാപ്പൂവായിരുന്നു. അതീവസന്തോഷത്തോടെ ഓടിച്ചെന്ന അവൾ ആ പൂവ് ഇറുത്തെടുത്തു. പക്ഷേ, ആ ചെടിയുടെ താഴെ വിറങ്ങലിച്ചുകിടന്ന തന്റെ പ്രിയകൂട്ടുകാരിയുടെ ശരീരം അവളുടെ ഹൃദയം നുറുക്കിക്കളഞ്ഞു. ധാരയായി ഒഴുകിയ കണ്ണുനീരിനെ വകഞ്ഞുമാറ്റി അവൾ പറഞ്ഞു: "എന്നോടുള്ള സ്നേഹത്തെപ്രതി മരിക്കാൻപോലും തയ്യാറായ നിനക്കു ഞാനിനി എന്തു നൽകും? എങ്ങനെ ഞാൻ നിന്നെ പകരം സ്നേഹിക്കും?"

ഈശോ തന്റെ ജീവരക്തം വിലയായി നല്കി വിശുദ്ധീകരിച്ച തന്റെ പ്രിയ മണവാട്ടിയായ സഭയെ കറയും ചുളിവും ഇല്ലാതെ ദൈവപിതാവിനു സമർപ്പിക്കുന്ന മനോഹര ചിന്തകളുമായി നാം പള്ളിക്കൂദാശാക്കാലത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. അവിടുത്തെ ജീവരക്തമാകട്ടെ സഭയ്ക്കുവേണ്ടി അവിടുന്ന് ശരീരത്തിലും മനസ്സിലും ഏറ്റ സഹനങ്ങളാണ്. സഭ നാമോരോരുത്തരുമാണ്. ഈശോ തന്റെ സ്വന്തം രക്തം വിലയായി നല്കി നേടിയെടുത്ത മണവാട്ടി നാമോരോരുത്തരുമാണ്. വെളിപാടു പുസ്തകത്തിൽ വെള്ളയങ്കിയണിഞ്ഞവരെക്കുറിച്ചു പറയുന്നുണ്ട്. "അവർ വളരെ ഞെരുക്കത്തിൽ നിന്നു വന്നവരാണ്. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവർ. അവർ ദൈവസിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുകയും അവിടുത്തെ ആലയത്തിൽ രാപകൽ അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. ഇനിയൊരിക്കലും അവർക്ക് വിശക്കുകയോ ദാഹി

ക്കുകയോ ഇല്ല. വെയിലോ ചൂടോ അവരുടെ മേൽ പതിക്കുകയില്ല. എന്തെന്നാൽ സിംഹാസനമധ്യത്തിലിരിക്കുന്ന കുഞ്ഞാട് അവരെ മേയിക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് നയിക്കുകയും ചെയ്യും" (7,14-17).

അവിടുത്തെ തിരുരക്തത്താൽ കഴുകിയ വെള്ളയങ്കിയണിയാൻ വിളിക്കപ്പെട്ടവരാണു നാം. ഈ കഴുകപ്പെടൽ നടക്കുന്നത് നമ്മുടെ ജീവിതാനുഭവങ്ങളിലൂടെയാണ്. സുഖദുഃഖങ്ങൾ ഇഴകോർത്തിണക്കിയ നമ്മുടെ ജീവിതം ദൈവഹിതപ്രകാരമാക്കാനുള്ള പരിശ്രമമാണ് ഈ ഭൂമിയിൽ നാം നടത്തേണ്ടത്. നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗാനുഭവത്തോട് തുലനം ചെയ്യുമ്പോൾ മാത്രമാണ് നമുക്കതിനു സാധിക്കുക. ഈ ലോകത്തിൽ സ്വന്തമായി നമുക്കൊന്നുമില്ല. കാരണം മരണത്തിൽ നമുക്കൊന്നും കൂടെ കൊണ്ടുപോകാനാവില്ല എന്നതുതന്നെ. അതിനാൽ ലോകവസ്തുക്കളോട് അധിക മമത കൂടാതെ ജീവിക്കാൻ ശ്രമിക്കുമ്പോൾതന്നെ ഈ കഴുകപ്പെടൽ നടക്കുകയാണ്. ഈശോയുടെ രക്തത്താൽ കഴുകപ്പെടാൻ നമ്മെത്തന്നെ വിട്ടുകൊടുക്കാം. സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാനായി പരിശ്രമിക്കാം. ജീവിതാനുഭവങ്ങളെ സ്വർഗ്ഗീയമാക്കാം. അങ്ങനെ നമ്മുടെ നാഥനോടൊത്ത് വിശുദ്ധീകരിക്കപ്പെട്ടവരായി വെള്ളയങ്കിയണിഞ്ഞ് സ്വർഗ്ഗീയജീവിതത്തിലേക്കു പ്രവേശിക്കാൻ നമുക്കാഗ്രഹിക്കാം.





# അമ്മയോടൊപ്പം

**മരിയ പള്ളിപ്പുറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:**

മറിയം ദൈവത്തിന്റെ ദാസി: തന്റെ ഇല്ലായ്മയെക്കുറിച്ചുള്ള ബോധ്യം ഉണ്ടായിരുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ അമ്മേ, അങ്ങയെപ്പോലെ ലാളിത്യത്തോടും വിശ്വസ്തതയോടും സന്തോഷത്തോടുംകൂടി ദൈവം ഞങ്ങൾക്കു നല്കുന്ന ദാനങ്ങളെ സ്വീകരിക്കുവാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

മറിയം സഭയുടെ ഹൃദയം: സഭയ്ക്കുവേണ്ടി പിതാവിന്റെ മുൻപിൽ മാദ്ധ്യസ്ഥ്യംവഹിക്കുന്ന മറിയത്തെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, നിത്യതയെ ലക്ഷ്യം വച്ചുകൊണ്ടുള്ള യാത്രയിൽ വഴിതെറ്റാതെ ലക്ഷ്യത്തിൽ എത്താൻ അമ്മ ഞങ്ങൾക്കുവേണ്ടി തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

മറിയം വിശ്വാസത്തിന്റെ തീർത്ഥാടക: തന്റെ ജീവിതം മുഴുവനും വിശ്വാസത്താലും പ്രതീക്ഷയാലും മുദ്രിതമാക്കിയ മറിയത്തെ നമുക്കു ധ്യാനിക്കാം.

ഓ മറിയമേ, കഠോരമായ അന്ധകാരത്തിന്റെ സമയത്തുപോലും വിശ്വാസത്തിൽ ജീവിച്ച് പ്രത്യാശയിൽ നിത്യതയുടെ ജീവിതം സ്വപ്നം കാണാൻ അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

മറിയം വിശുദ്ധിയുടെ അമ്മ: വിശുദ്ധിയുടെയും പരിപൂർണ്ണതയുടേതുമായ വലിയ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ ദരിദ്രമായ യാത്രയിൽ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

മനുഷ്യയാഥാർത്ഥ്യങ്ങളായ സഹനങ്ങൾ, വിശ്വാസക്കുറവുകൾ, തിരസ്കരണങ്ങൾ, ദൈവഹിതം മനസ്സിലാക്കാത്ത അവസ്ഥ എന്നിവയൊക്കെ അനുഭവിച്ച അമ്മേ, ഞങ്ങളും മനുഷ്യത്വത്തിന്റെ പൂർണ്ണതയിൽ ജീവിക്കുവാനുള്ള കൃപയ്ക്കായി അമ്മ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

മറിയം സഹനങ്ങളെ രക്ഷാകരമാക്കിയവൾ: കാൽവരിയിലെ സഹനത്തിന്റെ നടുവിൽപ്പോലും പ്രത്യാശ കൈവെടിയാതെ ശാന്തത പാലിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, ക്ലേശങ്ങളും വേദനകളും പ്രലോഭനങ്ങളും പ്രതിസന്ധികളും നിറഞ്ഞ ഞങ്ങളുടെ ഈലോകജീവിതത്തെ വിശ്വാസത്തോടെ നേരിടുവാനുള്ള കൃപയ്ക്കായി അങ്ങേ തിരുക്കുമാരനോടു ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

"ഒരു കാര്യം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു;
ഒരു കാര്യം മാത്രം ഞാൻ തേടുന്നു; കർത്താവിന്റെ മാധുര്യം
ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽ അവിടുത്തെ
ഹിതം ആരായാനുംവേണ്ടി ജീവിതകാലം മുഴുവൻ
അവിടുത്തെ ആലയത്തിൽ വസിക്കാൻതന്നെ.
ക്ലേശകാലത്ത് അവിടുന്നു തന്റെ
ആലയത്തിൽ എനിക്ക്
അഭയം നല്കും;
തന്റെ കൂടാരത്തിനുള്ളിൽ
എന്നെ ഒളിപ്പിക്കും; എന്നെ ഉയർന്ന
പാറമേൽ നിർത്തും. എന്നെ വലയം ചെയ്യുന്ന
ശത്രുക്കളുടെ മുകളിൽ എന്റെ ശിരസ്സ് ഉയർന്നു നില്ക്കും;
ആഹ്ലാദാരവത്തോടെ അവിടുത്തെ കൂടാരത്തിൽ ഞാൻ
ബലികളർപ്പിക്കും; ഞാൻ വാദ്യഘോഷത്തോടെ
കർത്താവിനെ സ്തുതിക്കും"
(സങ്കീ 27:2-6).



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th October 2021

Registered: KL/KTM/72/2021-2
Licence No:KL/CR/KTM/WPP-14/2021-2
Licensed to post without prepaymen

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

*"അജപാലകനാം കർത്താവേ,*
*സഭയെക്കാത്തു ഭരിക്കേണം*
*കൃപയുടെ തണലിൽ നീയവളെ*
*സദയം കാത്തുവളർത്തേണം*
*അവളണയുന്നു നിന്നരുകിൽ*
*"ശരണം നീ"യെന്നോതുന്നു"*
*(പള്ളിക്കൂദാശക്കാലം, ഞായർ-റംശാ)*

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal